


കേരളസഭാ ചരിത്ര പ്രശ്നങ്ങളും ഷെവ. വി. സി. ജോർജിന്റെ ഗവേഷണ നിഗമനങ്ങളും

വി. കിളിച്ചിമല

www.malankaralibrary.cm

Personal Library
Fr. G. CHEDIATH

കേരള സഭാചരിത്ര പ്രശ്നങ്ങളും ഷെവ. വി. സി. ജോർജിന്റെ ഗവേഷണ നിഗമനങ്ങളും

www.malankaralibrary.cm



MALANKARA
LIBRARY

www.malankaralibrary.cm

(Malayalam)
Kerala Sabha Charitra Prasnagalum
Chevalier V. C. Georginte
Gaveshana Nigamanangalum
Historical Study
by

V. Kilichimala

First Published. February 1995

Copies. 1000

Price Rs.

Copyright
V. Kilichimala

Printed at
St. Joseph's Printing House, Tiruvalla


Distribution :

Bethany Book Centres
H. O. Tiruvalla - 689101
Thiruvananthapuram - 695015
Sultan Bathery - 673592
Nedumangad - 695541

www.malankaralibrary.cm

കേരള സഭാചരിത്ര പ്രശ്നങ്ങളും ഫാ. വി. സി. ജോർജിന്റെ ഗവേഷണ നിഗമനങ്ങളും

വി. കുളിച്ചിമല



ബഥനി പബ്ലിക്കേഷൻസ്
No. 70

വിതരണം :
ബഥനി ബുക്ക് സെന്റർ

തിരുവല്ലാ, തിരുവനന്തപുരം
സുൽത്താൻബത്തേരി, നെടുമങ്ങാട്

www.malankaralibrary.com

വി. കിളിച്ചിമലയുടെ കൃതികൾ

അന്നം പാലേ കുടിച്ചിടൂ	(സാഹിത്യ ലേഖനങ്ങൾ)
പുലരിപ്പൂക്കൾ	(കവിതാ സമാഹാരം)
വി. ജോൺ വിയാനി	(ജീവചരിത്രം)
മോൺ. വടശ്ശേരി	(,,)
വി. ബർണദീത്താ	(,,)
മാർ ഈവാനിയോസ്, ഒരു പഠനം	
ആദർശ ദീപങ്ങൾ	(ജീവിതചിത്രീകരണം)
രജതരശ്മികൾ	(,,)
വിശ്രമവും വിചിന്തനവും	(പ്രബന്ധങ്ങൾ)
എക്യുമെനിസം	(പ്രബന്ധം)
ഐക്യത്തിന്റെ വിളി	(,,)
അന്ത്യോക്യയോ റോമയോ	(,,)
കണ്ണുതുറപ്പിച്ച വട്ടിപ്പണം	(കഥാപ്രസംഗം)
70 വർഷം പുസ്തക പ്രസാധനം	(പ്രബന്ധം)
കേരള സഭാചരിത്ര പ്രശ്നങ്ങളും ഷെവ. വി. സി. ജോർജിന്റെ ഗവേഷണ നിഗമനങ്ങളും	(ചരിത്ര പഠനം)

www.malankaralibrary.com

പ്രസ്താവന

''സഭാ ചരിത്ര വിജ്ഞാന കോശം'' എന്നു ഷെവ. വി. സി. ജോർജിനെ വിശേഷിപ്പിച്ചവരുണ്ട്. ചരിത്ര ഗവേഷണതപസ്യയത്രേ ആ വിശേഷണത്തിനു അദ്ദേഹത്തെ അർഹനാക്കിയത്. ആ കൂർമ്മബുദ്ധിയുടെ പ്രാമാണിക ഗ്രന്ഥങ്ങൾ പഠനവിഷയമാക്കുന്നവർക്കു ഇതു ബോധ്യപ്പെടും. ''ഷെവ. ജോർജിനെപ്പോലെ സുദീർഘവും കർമ്മബഹുലവും അരോഗവുമായ ജീവിതത്താൽ അനുഗൃഹീതനായ ഒരു മഹാൻ തന്റെ അറിവുകളും നിരത്തി നിരത്തി വെക്കുന്നതുകാണുമ്പോൾ കേരളനസ്രാണി സമുദായത്തിനു അദ്ദേഹത്തെ അഭിനന്ദിക്കാതിരിക്കാനും ആ അമൂല്യമായ വിജ്ഞാന ദാനത്തിനു നന്ദി പറയാതിരിക്കാനും വയ്യാ... ആ പാണ്ഡിത്യത്തിനു മുമ്പിൽ നമോവാകമർപ്പിച്ചേ മതിയാവൂ'' എന്ന പ്രൊഫ. ഉലഹന്നാൻ മാപ്പിളയുടെ അഭിപ്രായം ആരും ശരിവെക്കുക തന്നെ ചെയ്യും.

ഈ ചരിത്രപടുവിന്റെ ചിന്താസരണികളിലേക്കു ഇറങ്ങിച്ചെല്ലുവാൻ സാധാരണനസ്രാണികൾക്കു ബുദ്ധിമുട്ടുണ്ട്. ഗ്രന്ഥങ്ങളുടെ പരപ്പും ആഴവും തന്നെ പ്രധാന പ്രതിബന്ധം. പൂർവ്വകഥാജിജ്ഞാസുക്കൾ ഏറെയുണ്ടെന്നതു നേരാണ്. എന്നിരുന്നാലും ചരിത്രത്തിന്റെ നീലക്കയത്തിൽ മുങ്ങിത്തപ്പുവാൻ അവർക്കു സന്നദ്ധതയും സമയവും കുറയും. അത്തരക്കാർക്കു ഷെവ. വി. സി. ജോർജ് അവതരിപ്പിക്കുന്ന പ്രിയതമമായ പ്രമേയത്തിന്റെ രത്നച്ചുരുക്കം ലളിതമായി നല്കുന്നതു പ്രയോജനകരമായിരിക്കുമെന്നു തോന്നി. അതിനുള്ള ഒരു എളിയ ശ്രമമത്രേ ഈ കൊച്ചു പുസ്തകത്തിലൂടെ ചെയ്തിരിക്കുന്നത്.

''കേരള സഭാ ചരിത്ര പ്രശ്നങ്ങളും ഷെവ. വി. സി. ജോർജിന്റെ ഗവേഷണ നിഗമനങ്ങളും'' എന്നതാണ് ഈ പ്രബന്ധത്തിൽ പ്രധാനം. അതിനു ആമുഖമെന്ന നിലയിൽ ഷെവലിയറിന്റെ ഒരു ലഘു ജീവചരിത്രം ചേർ

www.malankaralibrary.com

ത്തിട്ടുണ്ട്. ഈ പ്രബന്ധം അവലംബമാക്കിയ രണ്ടു അനർഘ ഗ്രന്ഥങ്ങളെക്കുറിച്ചുള്ള ചെറു വിവരണമാണ് ''രണ്ടു കൈവിളക്കുകൾ''. കേരള സഞ്ചാരിത്രകാരന്റെ മുമ്പിലുള്ള മങ്ങാത്ത ഒരു ദീപസ്തംഭമാണല്ലൊ കരിയാറിന്റെ മെത്രാപ്പോലീത്താ. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തേയും ഭൗതികാവശിഷ്ടപുനഃപ്രതിഷ്ഠയേയും പറ്റിയുള്ള വിവരണം ചരിത്രവിദ്യാർത്ഥിക്കു വെളിച്ചം തെളിക്കും.

ഇതിലെ ചിന്തകൾ ഗുളികപ്രായത്തിലാണ്; ഇളംമുകുളങ്ങളുടെ രൂപത്തിലാണ്. അവ ഓരോന്നും വികസ്വരമാകേണ്ടതാണ്; വിശദപഠനത്തിനു വിധേയമാക്കാവുന്നതാണ്. അതിനു പോരുംവിധം ഓരോ സ്ഥാനത്തും പ്രമാണഗ്രന്ഥസൂചി നല്കിയിട്ടുണ്ട്.

1979 മുതൽ 1992 വരെ ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ ഈ ലേഖകൻ പ്രവർത്തിച്ചിരുന്നു. ഷെവ. വി. സി. ജോർജിനെക്കുറിച്ചുള്ള പഠനത്തിനും അദ്ദേഹത്തിന്റെ ഒരു ജീവചരിത്ര രചനയ്ക്കും അക്കാലം അവസരം നല്കി. ജീവചരിത്രം ഇപ്പോഴും കൈയെഴുത്തു കോപ്പിയായി കൈവശമുണ്ട്. അതിനു അനുബന്ധമായി തയ്യാറാക്കിയ ഗ്രന്ഥപഠനമാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്.

''ശബ്ദം തുടർന്നതു കൊണ്ടവർ കഷ്ടം
തുണ്ടം തുണ്ടമതായി ഭവിച്ചു
പണ്ടിത്തിരുസഭ തന്നെ വെടിഞ്ഞതു
മണ്ടത്തരമെന്നുള്ളൊരു ബോധം
ശുണ്ഠിത്തരമിതുകൂടുന്തോറും
മണ്ടയിൽ വകതിരിവുള്ളവർകണ്ടു''

എന്ന കാഴ്ചപ്പാടു ഈ ഓട്ടപ്രദക്ഷിണം ഉളവാക്കുമെന്നാണ് പ്രതീക്ഷ.

കഴിഞ്ഞ കാലത്തിലേക്കു എത്തിനോക്കുവാൻ ഈ ചെറുകൃതി പ്രേരിപ്പിച്ചേക്കും; ഘനീഭവിച്ച ഇരുട്ടിലേക്കു

www.malankaralibrary.com

പ്രകാശരശ്മികളെ ഇതു പ്രവേശിപ്പിച്ചേക്കും; തെറ്റിദ്ധാരണയുടെ അടിത്തറകളെ ഇതു ഇളക്കിയേക്കും; ഭാഗ്യക്കേടു വരുത്തിയ ദുഃഖസത്യങ്ങളിൽ വിങ്ങിപ്പൊട്ടുന്നവരെ ഇതു സമൂഹത്തിൽ ഉയർത്തിയേക്കും. ഈ തിരിഞ്ഞുനോട്ടം ആർക്കും സൗഖ്യം നല്കും; പ്രസരിപ്പു പ്രദാനം ചെയ്യും; ഒറ്റമൂലിയുടെ ഫലമുണ്ടാക്കും.

പുസ്തകത്തിന്റെ പ്രസാധനഭാരം ഏറ്റെടുക്കുന്ന ബഥനി ബുക്ക്സെന്ററിനോടു എഴുത്തുകാരനു കൃതജ്ഞതയുണ്ട്.

സെന്റ് മേരീസ് പള്ളി
കടപ്ര മാന്നാർ പി. ഒ.
689 630
5_2_1995

വി. കിളിച്ചിമല

www.malankaralibrary.com

ഉള്ളടക്കം

പുറം

പ്രസ്താവന 3

ഒന്ന്, ഷെവ. വി. സി. ജോർജ്, ലഘുജീവചരിത്രം 9

രണ്ട്, രണ്ടു കൈവിളക്കുകൾ 20

മൂന്ന്, കേരളസഭാചരിത്ര പ്രശ്നങ്ങളും ഷെവ. വി. സി. ജോർജിന്റെ ഗവേഷണ നിഗമനങ്ങളും 25

I ഒരേ കുടുംബജർ ഇരുചേരിയിലേക്ക് 26

II ഇടവക കൂട്ടായ്മ ചിതറിയദാരുണ കഥ 27

III ചരിത്രാവബോധം നല്കുന്ന ദുഃഖസത്യം 29

A ആദിമകേരളസഭ

1) ആരാധനാഭാഷ അന്ന്

2) ഇരുളടഞ്ഞകാലം

3) സെലൂക്യാ പാത്രിയർക്കീസിന്റെ നേതൃത്വം

4) പേർഷ്യാക്കാരനായിരുന്ന മാർ യോഹന്നാൻ മെത്രാൻ

5) അർക്കദിയാക്കോൻ സ്ഥാനം

6) ജാതിക്കു കർത്തവ്യന്റെ വിപുലാധികാരം

B കേരള സഭയും റോമാബന്ധവും 30

C പാദ്രുവാദോ വരുത്തിയ കുഴപ്പം 31

1) പാദ്രുവാദോ എന്ത്?

2) അനുചിതമായ നുഴഞ്ഞുകയറ്റം

www.malankaralibrary.com

3) അനധികൃത കൈയേറ്റം
4) ഉദയംപേരൂർ സൂന്നഹദോസ്
5) മാർ അഹത്തള്ളായുടെ ആഗമനം
6) തികഞ്ഞ അധാർമ്മികത മാർ അഹത്തള്ളായ്ക്കു എതിരേ
7) കൂനൻ കുരിശു സത്യം

D കൂനൻകുരിശിനു തൊട്ടുപിന്നാലെ 34

1) പന്ത്രണ്ടു പട്ടക്കാർ ചേർന്നുള്ള മെത്രാൻ വാഴ്ച
2) കാളപെറ്റു, കയറെടുത്തു
3) നുണപ്പുറത്തുള്ള പണി
4) മുഖംമൂടി മാറുമ്പോഴ്
5) ആ കുറവിലങ്ങാട്ടുകാരനു തെറ്റുപറ്റി
6) പള്ളിവീട്ടിൽ ചാണ്ടി അച്ചനും തോമാമെത്രാനും
7) കള്ളക്കളി
8) കൂറുമാറ്റം തുടർന്നു
9) അടിയിളകി എന്നിട്ടും അധികാരഭ്രമം
10) തുടരുന്ന കിടമത്സരം

E തൊഴുത്തു പിരിയലിലേക്ക് 38

1) ഒരേ വിശ്വാസമുള്ള ഇരു ''കൂറു'' കാർ
2) മാർ ഗ്രീഗോറിയോസിന്റെ വരവ്
3) വ്യാജപ്രചാരണം നടക്കുന്ന പാഠം
4) സഭാമാറ്റത്തിനു തുടക്കമിടുന്നു
5) മാർ ഗ്രീഗോറിയോസിന്റെ നവീനോപദേശങ്ങൾ

www.malankaralibrary.com

F അനുരഞ്ജന ശ്രമങ്ങൾ 40

1) അർക്കദിയാക്കോനോടു അഭ്യർത്ഥന
2) ഇരുവിഭാഗങ്ങളും സന്താപകലുഷിതർ
3) പിളർപ്പു ശാശ്വതീകരിക്കാൻ കാരണമില്ല
4) അയവില്ലാത്ത നിർബന്ധബുദ്ധി
5) അനുരഞ്ജനത്തിനുവേണ്ടിയുള്ള വേദന
6) കരിയാറ്റിൽ മൽപ്പാന്റെ ശ്രമം
7) ജാത്യൈക്യ പ്രസ്ഥാനം

G അനുരഞ്ജനം ദുസ്സാധ്യമാക്കിയ ഘടകങ്ങൾ 42

1) പറുങ്കികളുടെ കടുംപിടിത്തം
   i) ഗാർസ്യാ മെത്രാപ്പോലീത്തായുടെ വിമുഖത
   ii) കർമ്മലീത്താ പാതിരിമാരുടെ നിസ്സഹകരണം
   iii) ഒരു പാദ്രിയുടെ ആത്മസംതൃപ്തി
   iv) അധികാരികളുടെ അവഗണന
2) അർക്കദിയാക്കോന്റെ കുതന്ത്രങ്ങളും കള്ളത്തരവും
   i) പച്ചനുണയ്ക്കു മൂന്നു ഉദാഹരണങ്ങൾ
   ii) അർക്കദിയാക്കോന്റെ കുതന്ത്രങ്ങൾ
3) യാക്കോബായ ബാന്ധവം
4) ഡച്ചുകാരുടെ അടുപ്പം
5) പ്രൊട്ടസ്റ്റന്റു മുന്നേറ്റം

H അനുരഞ്ജനശ്രമങ്ങളും കുറവിലങ്ങാടും 46
ദേശത്തിന്റെ ആവേശം ദേശാഭിമാനിക്കും

നാല്, നസ്രാണി ഐക്യത്തിന്റെ രക്തസാക്ഷി 49
കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ ഭൗതികാവശിഷ്ട പുനഃപ്രതിഷ്ഠ

***

www.malankaralibrary.com

ഒന്ന്

ഷെവ. വി. സി. ജോർജ്ജ്

ലഘുജീവചരിത്രം

കീർത്തിക്കാത്ത മനീഷി, മഷിയുണങ്ങിടാത്ത പേന– ഈ വിശേഷണം ഷെവ. വി. സി. ജോർജിനു ചേരും. ''നിധീരി മാണിക്കത്തനാർ'' എന്ന ബൃഹൽകൃതിതന്നെ ഉദാഹരണം. ആ സാഹിത്യസവ്യസാചി ഇംഗ്ലീഷിലും മലയാളത്തിലും ഗ്രന്ഥരചന നിർവഹിച്ചിട്ടുണ്ട്. മലയാളരചനകളിൽ തർജ്ജമകളും സ്വതന്ത്രകൃതികളും പെടും. 18 കൃതികളാണ് ആകെയുള്ളത്. ഇംഗ്ലീഷ് ഗ്രന്ഥം 4, തർജ്ജമ 7, സ്വതന്ത്രകൃതി 7.

1. നിധിയിരിക്കൽ മാണിക്കത്തനാർ; 2. കുറവിലങ്ങാട്ടു മർത്തമറിയംപള്ളിയും കേരളനസ്രാണികളും; 3. കതിരും കറ്റയും; 4. മോൺ. എമ്മാനുവൽ മേച്ചേരിക്കുന്നേൽ; 5. സഭയും സമുദായവും; 6. ഗോഗുൽത്താമയിലെ ശോകപുരുഷൻ; 7. പുനരൈക്യം; 8. The Syro Chaldean Church in Malabar; 9. Apostolate and Martyrdom of St. Thomas; 10. Christianity in India through the Ages; 11. The Church in India before and after the Synod of Diamper; എന്നിവ സ്വതന്ത്രകൃതികളും 12, 13. വി. മാർപാപ്പമാരുടെ ജീവചരിത്രസംഗ്രഹം (രണ്ടു ഭാഗങ്ങളും); 14. കത്തോലിക്കാ തത്ത്വമീമാത്മ്യം; 15. ക്രിസ്തുനാഥൻ; 16. ക്രിസ്തുനാഥന്റെ പന്ത്രണ്ടുശിഷ്യന്മാർ; 17 ബറബാസ് (നോവൽ); 18. ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ നിയമവും വ്യാഖ്യാനങ്ങളും എന്നിവ വിവർത്തനങ്ങളുമാണ്. 1921 മുതൽ 1977 വരെയുള്ള 56 കൊല്ലങ്ങൾക്കിടയിലാണ് ഈ ഗ്രന്ഥങ്ങൾ പ്രകാശിതമായിട്ടുള്ളത്. 96 വർഷം അദ്ദേഹം ജീവിച്ചു.

www.malankaralibrary.com

പ്രവർത്തനനിരതമായിരുന്നു ഷെവ. വി. സി. ജോർജിന്റെ ജീവിതം. ലക്ഷ്യം തികഞ്ഞ അധ്യാപകനായിട്ടുതന്നെ ബഹുശതം വിദ്യാർത്ഥികൾ അദ്ദേഹത്തെ സ്മരിക്കുക. നിയമസഭയിലെ ജനപ്രതിനിധിയായി അദ്ദേഹത്തെ ഓർക്കുന്നവർ ഉണ്ടായിരിക്കും. ഉജ്ജ്വല ചരിത്രഗവേഷകനായിട്ടാണ് പണ്ഡിതൻമാർ ആ ചിന്തകനെ ആദരിക്കുന്നത്. അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ അധ്യക്ഷൻ എന്ന നിലയിൽ ആ മഹാത്മാവിനെ കാണുന്നതിനാണ് സമുദായസ്നേഹികൾ താല്പര്യപ്പെടുക. സഭയുടെ ആ അഭിമാനഭാജനത്തിന് മാടമ്പിസ്ഥാനം സമ്മാനിക്കുവാൻ ധാർമ്മികസമ്മാട്ട് ആറാം പൗലൂസ് പാപ്പാ വിമുഖത കാട്ടിയില്ല.

ഇൻഡ്യൻ നഷണൽ കോൺഗ്രസ് പിറവിയെടുത്ത വർഷമാണ് ഷെവ. ജോർജ് ജനിച്ചത്. കൃത്യമായി പറഞ്ഞാൽ 1885 മെയ് 14-ാം തീയതി. വൈക്കം താലൂക്കിന്റെ കിഴക്കുഭാഗത്തു സ്ഥിതിചെയ്യുന്ന കാടകുഴിയിലെ വടക്കേക്കര കുരുവിള മറിയം ദമ്പതിമാരുടെ സീമന്തസന്താനമായി പിറന്ന കുട്ടി വക്കൻ എന്ന പേരിൽ അറിയപ്പെട്ടു. കോൺഗ്രസ് ദേശീയ പ്രബുദ്ധത ഭാരതത്തിന് നൽകി; വക്കൻ സമൂഹത്തിന് ഉൽബുദ്ധത പ്രദാനം ചെയ്തു.

വിദ്യാഭ്യാസസൗകര്യം അന്ന് തീർത്തും കുറവായിരുന്നു. കാടകുഴിയിലുള്ള കാഞ്ഞിരത്താനം പള്ളിയുടെ തിണ്ണയിലും സമീപത്തും ആശാൻമാർ നടത്തിയിരുന്ന കളരി, കുറവിലങ്ങാട്ടു പള്ളിയോട് ബന്ധിച്ചുള്ള വാദ്യപ്പുരപ്പള്ളിക്കൂടം, മാന്നാനം കൊവേന്തയിലെ മിഡിൽ സ്ക്കൂൾ, എം. ഡി. സെമിനാരി ഹൈസ്ക്കൂൾ, സെൻറ് എഫ്രേം ഹൈസ്ക്കൂൾ മാന്നാനം എന്നിവിടങ്ങളിലാണ് വക്കൻ പഠനം നടത്തിയത്. 1906-ൽ മാന്നാനം സെൻറ് എഫ്രേംസിലെ മട്രിക്കുലേഷൻ പരീക്ഷാവിജയികളുടെ കൂട്ടത്തിൽ വക്കനുമുണ്ടായിരുന്നു.

കുറവിലങ്ങാട് സെൻറ് മേരീസ് സ്ക്കൂളിൽ അധ്യാപകനായി പ്രവേശിച്ച വടക്കേക്കര വക്കൻസാർ,

www.malankaralibrary.com

ജോർജ് വാധ്യാർ, വർക്കിസാർ എന്നീ പേരുകളിൽ അറി യപ്പെട്ടു. അംഗീകൃതസ്ക്കൂളായും ഹൈസ്ക്കൂളായും ആ വിദ്യാലയത്തെ ഉയർത്തുന്നതിൽ അദ്ദേഹത്തിന്റെ ഭഗീരഥയത്നമുണ്ടായിരുന്നു. ഗ്രന്ഥപ്രകാശനം, ലേഖന രചന, 'കത്തോലിക്കദൂതൻ' എന്ന പത്രത്തിന്റെ ആധി പത്യം, കേരള ദീപിക പ്രസ് സ്ഥാപനം, എൻ. സി. ഡബ്ല്യൂ. സി. ന്യൂസ് സർവീസ് ലേഖകൻ, കാത്ത ലിക്ക് സപ്ലൈ ഏജൻസി ആൻഡ് ഡിപ്പോ (Catholic Supply Agency and Depot) എന്നിവയുടെ പ്രവർത്ത നത്തിലും ആ പരിശ്രമശാലി മുഴുകി. ഇതിനിടയിലാണ് കൽക്കട്ടായൂണിവേഴ്സിറ്റിയുടെ ബി. എ. പരീക്ഷയിൽ പ്രൈവറ്റായി ചേർന്ന് ഒന്നാംക്ലാസോടുകൂടി പാസ്സായത്. 1929-ൽ അദ്ദേഹം തിരുവനന്തപുരം ടെയിനിംഗ് കോളജിൽ ചേർന്നപ്പോഴേ തന്റെ സീമന്ത പുത്രൻ വി. ജി. സിറിയക്ക് ബി. എ. സ്ക്കൂളിൽ അധ്യാപകവൃത്തി ആരംഭിച്ചു.

പത്രലേഖകൻ

മലബാർ ഹെറാൾഡ്, ന്യൂലീഡർ, എക്സാമിനർ, ഹെറാൾഡ്, ന്യൂ റിവ്യൂ, വീക്ക്, ഡെയ്ലി അമേരിക്കൻ ട്രിബ്യൂൺ, കാത്തലിക്വേൾഡ്, ആവേ മരിയ, അമേരിക്ക, കാത്തലിക്ക് ടൈംസ്, യൂണിവേഴ്സ്, കാത്തലിക്ക് ഹെറാൾഡ്, കാത്തലിക്ക് ഗസറ്റ്, ക്രിസ്ത്യൻ ചർച്ചസ് കപ്പാട്ടർലി തുടങ്ങിയ പത്രങ്ങളിൽ ആ തൂലികായോദ്ധാ വിന്റെ ലേഖനങ്ങൾ നിരന്നിട്ടുണ്ട്. മനോരമ, ദീപിക, സത്യനാദം, സത്യദീപം, മലബാർ മെയിൽ, അപ്നാദേശ്, കേരളഭൂഷണം, പ്രകാശം, പ്രാചീനതാരം, സർവ്വത്രമിത്രം, സഹോദരൻ, ഭാസൻ, പൗരധ്വനി, അനന്തസംഭവം തുടങ്ങിയ പത്രങ്ങളിലും വക്കൻസാറിന്റെ തൂലികാവിലാസം കുറവായിരുന്നില്ല.

ചരിത്ര വിഷയങ്ങളിൽ അവഗാഹം

കേരള സഭാചരിത്ര പാതയിലൂടെ അനേകകാതം മുന്നേറുവാൻ ഗവേഷകനായ വി. സി. ജോർജിനു കഴി

www.malankaralibrary.com

ഞ്ഞു. മാർത്തോമാശ്ലീഹായുടെ കേരള പ്രവേശനം, സുവിശേഷപ്രസംഗം, പ്രഥമശിഷ്യൻ, രക്തസാക്ഷിത്വം, ആദിമകേരള ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായ മതഭിന്നത, കനായിത്തോമ്മായുടെ ആഗമനം, വിദേശ നസ്രാണി സംയോജനം, പാരസിക മെത്രാൻ ഭരണം, ബാബേൽ ബന്ധം, പോർച്ചുഗീസ് മൈത്രി, ഉദയംപേരൂർ സുന്നഹദോസ്, അർക്കദിയാക്കോൻ വാഴ്ച, യാക്കോബായ ശക്തി തുടങ്ങിയ വിഷയങ്ങളെ അതിസമർത്ഥമായി കൈകാര്യം ചെയ്യാൻ ആ ചരിത്രപടുവിനു സാധിച്ചിട്ടുണ്ട്. ''ഈ സദേശീയ പണ്ഡിതൻ ലോകചരിത്രകാരന്മാരുടെ തന്നെയും ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നു'' വെന്നു അഭിപ്രായപ്പെടാൻ പ്രൊഫ. പി. പി. ഉലഹന്നാൻമാപ്പിള മടിച്ചില്ല.

പുത്തൻകൂർ പഴയകൂർ പുനരേകീകരണം, സഭയുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടം എന്നീ കാര്യങ്ങളിലാണു ആ സാഹിത്യഭടൻ ദത്താവധാനനായത്. പുനരൈക്യവിഷയം ചർച്ച ചെയ്യുമ്പോഴത്രെ ശ്രീ. ജോർജിന്റെ തൂലിക ഏറെ മിഴിവേറുന്നതായി കണ്ടിട്ടുള്ളത്.

''കത്തോലിക്കാദൂതൻ''മാസിക

നിധിയിരി മാണിക്കത്തനാരുടെ ആകർഷണവലയത്തിലാണ് വി. സി. ജോർജു വളർന്നത്. കെ. സി. മാമ്മൻ മാപ്പിളയുടെ ശിഷ്യനാകുവാൻ ഭാഗ്യവും അദ്ദേഹത്തിനു കിട്ടി. മാന്നാനത്തെ പഠനവേളയിൽ നസ്രാണി ദീപികയുമായും കോട്ടയം പഠനവേളയിൽ മലയാളമനോരമയുമായും അടുത്തിടപഴകുവാൻ ആ യുവാവിനു സാധിച്ചു. വിദ്യാർത്ഥിക്കാലത്തു ചില ചെറുലേഖനങ്ങൾ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. സാമൂഹ്യോദ്ധരണതത്പര ആ വിദ്യാഭ്യാസചിന്തകനുണ്ടായിരുന്നു. ഒരു പത്രം തുടങ്ങാൻ അദ്ദേഹം ആഗ്രഹിച്ചു. ''കത്തോലിക്കാ ദൂതൻ'' മാസിക രൂപംകൊണ്ടു. 1912 മെയ്മാസത്തിൽ മാസികയുടെ പ്രഥമലക്കം പ്രസിദ്ധീകൃതമായി: മലയാളമനോരമ പ്രസ്സിൽ നിന്നാണ് അച്ചടിച്ചിറക്കിയത്.

www.malankaralibrary.com

സാഹിത്യതിലകൻ ഫാ. സി. കെ. മറേറം, ഫാ. ജേക്കബ് വെള്ളരിങ്ങാട്ട്, ഫാ. ജേക്കബ് നടുവത്തുശേരി, ഏ:ണക്കാട്ടു യൗസേപ്പു കത്തനാർ, ഫാ. ഗ്രീഗറി സി. ഡി., റവ. ജോസഫ് കൊടുപ്പന, റവ. ഫാ. തോമസ് കളത്തിൽ, ഫാ. അഗസ്റിൻ ചങ്ങനാശേരി ആദിയായ വൈദികരും ശ്രീമാന്മാർ സി. അന്തപ്പായി, ഡോ. പി. ജെ. തോമസ്, വി. ജോസഫ് ഇലഞ്ഞിക്കൽ, കെ. എ. ലോനപ്പൻ, കെ. സി. എബ്രഹാം മുണ്ടക്കയം, കെ. ജെ. അഗസ്റിൻ, ജൊയാക്കൊ വളവന്തറ, ജീ. വി. തോമസ് വാധ്യാർ, മുകളയിൽ ജോസഫ്, സിറിയക്ക് ടി. കണ്ടത്തിൽ, ടി. കെ. വർക്കി ചേർത്തല തുടങ്ങിയ അൽമായരും വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾകൊണ്ടു മാസികയെ പോഷിപ്പിച്ചു.

ഷെവ. ഐ. സി. ചാക്കോയുടെ ''ക്രിസ്തുസഹസനാമം'' ഇദംപ്രഥമമായി പ്രകാശിതമായത് ഈ മാസികയിലത്രേ.

''ക്രിസ്തും കന്യാസുതം വന്ദേ
മൃതം മൃത്യുഞ്ജയം പരം
രക്തീകൃതാസവം ദേഹീ–
കൃതാപൂപമനശ്വരം''

എന്നു തുടങ്ങുന്ന പ്രസിദ്ധകാവ്യം 1914-മെയ് മുതൽ ആറുലക്കങ്ങളിലായി, കത്തോലിക്കാദൂതൻ പ്രസിദ്ധീകരിച്ചു. മാസിക നല്ലനിലവാരം പുലർത്തി.

കൃത്യാന്തരബാഹുല്യം ശ്രീ. ജോർജിനെ അലട്ടി; 1925 ആയപ്പോഴേക്കു പത്രാധിപത്യഭാരം തോളിൽനിന്നു മാറേറണ്ടിവന്നു. ഭാരം പേറുവാൻ മറേറാരും സന്നദ്ധരായതുമില്ല.

ഹെഡ്മാസ്റററർ

വി. സി. ജോർജിന് ഹെഡ്മാസ്റററർ പദവിക്ക് ഇടം നൽകിയത് പിറവം സെൻറ് ജോസഫ് ഹൈസ്ക്കൂളാണ്. ആ സരസ്വതീമന്ദിരത്തിനു മുഖമുദ്ര പകർന്ന

www.malankaralibrary.com

തും വക്കൻ സാറിന്റെ അനുഭവ സമ്പത്തുതന്നെ. തിരുവല്ലാ രൂപതാദ്ധ്യക്ഷൻ മാർ സേവേറിയോസുമായുള്ള അടുപ്പമത്രേ ഇതിനു കാരണമാക്കിയത്. മാർ സേവേറിയോസ് വി. സി. ജോർജിനെയും വി. സി. ജോർജ് മാർ സേവേറിയോസിനെയും ബഹുമാനിച്ചു. ഏകമുഖമായിരുന്നു ഇരുവരുടെയും ലക്ഷ്യം. ക്രൈസ്തവൈക്യത്തിന്റെ കർമ്മയോദ്ധാവ് മാർ സേവേറിയോസ്, അതേ ലക്ഷ്യത്തിന്റെ ജ്ഞാന യോദ്ധാവ് വി. സി. ജോർജ്. പരസ്പരം ആദരിക്കുവാൻ രണ്ടുപേരും മുന്നിട്ടുനിന്നു. കർമ്മസിദ്ധന്റെ വഴിത്താരയിൽ ജ്ഞാനസിദ്ധൻ പൂക്കൾ വിതറി. ജ്ഞാനസിദ്ധന്റെ ദർശനം പ്രവൃത്തിപഥത്തിൽ വരുത്താൻ കർമ്മയോഗി അരയും തലയും മുറുക്കി. വി. സി. ജോർജിന്റെ ഒരു പുസ്തകം സമർപ്പിതമായിരിക്കുന്നത് മാർ സേവേറിയോസിനത്രേ. തിരുമേനിയുടെ നന്ദനോക്തിയാൽ അനുഗൃഹീതമായി ശ്രീ. ജോർജിന്റെ 'മാണിക്കത്തനാർ' എന്ന പുസ്തകം. അവിടെ ഹൃദയം വഴിഞ്ഞൊഴുകയാണ്.

ഐസക് മാർ യൂഹാനോൻ, ചെമ്മനം ചാക്കോ തുടങ്ങിയവരെ ശിഷ്യസമ്പത്തിൽപെടുത്തുന്നതിനുള്ള ഭാഗ്യം പിറവംവാസം കഥാപുരുഷനു നൽകി. ആ ഗുരുത്തമനെക്കുറിച്ചു കവിതകളും തൂലികാചിത്രങ്ങളും രചിക്കാൻ ചെമ്മനം ചാക്കോ മടിച്ചുനിന്നില്ല. ആദ്യസന്ദർശന രംഗത്തെക്കുറിച്ചു ആ സഹൃദയാഗ്രണി പറയുന്നതു പകർത്താം:

'... അദ്ദേഹമാണ് അടുത്ത മൂന്നുവർഷം ഞങ്ങളുടെ ജീവിതഗതിയെ നയിച്ച മഹാൻ. ഒരു ഒന്നാന്തരം അധ്യാപകൻ, സാഹിത്യപ്രണയി, സമുദായസ്നേഹി, പണ്ഡിതാഗ്രഗണ്യൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രകീർത്തിതനായി ഞങ്ങൾക്കു പ്രത്യക്ഷപ്പെട്ട വി. സി. ജോർജ്. അന്നു ഞങ്ങൾക്ക് ഒരു സുദിനമായിരുന്നില്ലേ? ആ സുദിനത്തെപ്പറ്റി ചിന്തിക്കുമ്പോഴെ എല്ലാം എന്റെ ഹൃദയം അവനമിതമാകാറുണ്ട്' (ഉദയം 1120 വൃശ്ചികം 27).

www.malankaralibrary.com

കത്തോലിക്കാ കോൺഗ്രസ് പ്രസിഡൻറ്

1960, 1961 എന്നീ വർഷങ്ങളിൽ കത്തോലിക്കാ കോൺഗ്രസ് സംഘടനയുടെ ഭാരം താങ്ങുന്നതിനുള്ള ധീരമായ ചുമൽ ശ്രീ. വി. സി. ജോർജിലാണ് സമുദായം കണ്ടെത്തിയത്. കുടിയിറക്കുപ്രശ്നം, സിവിൽ സർവ്വീസുകാര്യം, സർക്കാരിൻെറ സ്ക്കൂൾ നയം, അവശകൈക സ്തവപ്രശ്നം, സാംസ്കാരിക പുരോഗതിക്കുള്ള യത്നങ്ങൾ എന്നിങ്ങനെ സമുദായത്തെ ബാധിക്കുന്ന നിരവധി കാര്യങ്ങളിൽ അക്കാലം എ. കെ. സി. സി. ഫൂർപ്പെട്ടിട്ടുണ്ട്. 1961 ഏപ്രിൽ 11-ാം തീയതി കരിയാറി മെത്രാപ്പോലീത്തായുടെ പുനഃസംസ്കാരച്ചടങ്ങുകൾ ആലങ്ങാട്ടുപള്ളിയിൽ നിർവ്വഹിക്കുന്നതിനു നേതൃത്വം കൊടുത്തതാണ് വി. സി. ജോർജ് അനുഷ്ഠിച്ച അവിസ്മരണീയമായ ഒരു കാര്യം. നീണ്ടകാലത്തെ കാത്തിരിപ്പിൻെറയും നിരന്തരപരിശ്രമത്തിൻെറയും ഫലമായത്രേ അത് സാധിതപ്രായമായത്.

മാടമ്പിയുടെ പടവാൾ

തികഞ്ഞ സമുദായാഭിമാനിയും ചരിത്രകാരനുമായ ശ്രീ. വി. സി. ജോർജിന് പോപ്പ് മാർപാപ്പാ ഷെവലിയർ സ്ഥാനം നൽകി. 1971 ആഗസ്റ്റ് 26-ാം തീയതിയിലെ പത്രങ്ങളിലാണ് ഈ വാർത്ത വന്നത്.

ബഹുഭാഷാപണ്ഡിതൻ

വിവിധ ഭാഷകളിലുള്ള പാണ്ഡിത്യം ഷെവലിയറിനെ ധന്യനാക്കി. ഭാഷാപഠനം അദ്ദേഹത്തിൻെറ ഹോബിയായിരുന്നു. മലയാളവും സംസ്കൃതവും ഇംഗ്ലീഷും ലത്തീനും ഇത്താല്യനും പോർച്ചുഗീസും അദ്ദേഹം അനായാസം വശമാക്കി.

www.malankaralibrary.com

കുടുംബസംതൃപ്തി

വീട്ടിലും വിരുന്നിലും ഒന്നുപോലെ സംതൃപ്തി—അതായിരുന്നു വി. സി. ജോർജിന്റെ അനുഭവം; എട്ടു മക്കളെയും അവരുടെ കൊച്ചുമക്കളെയും കൺകുളിർക്കെ കാണുവാനുള്ള ഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചു.

അദ്ധ്യാപകവൃത്തി തുടങ്ങുന്നതിനു മുൻപുതന്നെ ശ്രീ. ജോർജ് ഗാർഹസ്ഥ്യത്തിൽ പ്രവേശിച്ചിരുന്നു. കുറവിലങ്ങാട്ടു ഇഞ്ചയ്ക്കൽ മാത്തന്റെയും അന്നമ്മയുടെയും മകനും മറിയമായിരുന്നു സഹധർമ്മിണി. രണ്ടു മക്കളും ആ ദാമ്പത്യവല്ലരിയിൽ വിരിഞ്ഞു—സിറിയക്കും മറിയക്കുട്ടിയും. അമ്മയിൽനിന്നു ശൈശവസംരക്ഷണം മാത്രമേ കുട്ടികൾക്കു കിട്ടിയുള്ളു. ശിശുപരിപാലന അപ്പന്റെ തോളിലേറിയിട്ടു ആ ഉത്തമ ഗൃഹനായിക കാലയവനികക്കുള്ളിൽ മറഞ്ഞു.

മറിയക്കുട്ടി കർമ്മലീത്താ സന്ന്യാസിനീസഭയിൽ ചേർന്നു സിസ്റ്റർ ജോർജിയാ എന്ന പേരു സ്വീകരിച്ചു. സിറിയക്കു വിവാഹിതനായി. ചങ്ങനാശേരിൽ തോട്ടാശേരിൽ മാത്യുവിന്റെ പുത്രി തങ്കമ്മയായിരുന്നു വധു. ബാബു, മാത്യു, ഡോമിനിക്, ജോസ് എന്ന നാലു ആൺമക്കളാലും മൂന്നു പെൺമക്കളാലും ആ ദാമ്പത്യം അനുഗൃഹീതമായി.

1920-ൽ വി. സി. ജോർജ് പുനർവിവാഹം ചെയ്തു. പുതിയ ഗൃഹനായികയായി കുറവിലങ്ങാട്ടു പള്ളി വീട്ടിൽ പനങ്കുഴയ്ക്കൽ കുര്യന്റെയും ഏലമ്മയുടെയും മകൾ മേരി കടന്നുവന്നു. മൂന്നു പുത്രന്മാരാലും മൂന്നു പുത്രിമാരാലും ആ പുനർവിവാഹം ധന്യമായി. മൂത്ത പുത്രി കൊച്ചുത്രേസ്യ ജെ. എം. ജെ. (Jesus Mary Joseph) സന്ന്യാസിനീസമൂഹാംഗമായി സിസ്റ്റർ മരിയ തെരേസാ ജെ. എം. ജെ. എന്ന പേരു സ്വീകരിച്ചു. രണ്ടാമത്തവൾ ഏലിക്കുട്ടിയും അനുജത്തിയും കുടുംബജീവിതത്തിൽ പ്രവേശിച്ചു. അവരുടെ ഭർത്താക്കന്മാർ യഥാക്രമം

www.malankaralibrary.com

വൈക്കത്തു കാട്ടുമന ജോസഫിന്റെ പുത്രൻ ജോസഫും ചമ്പക്കുളത്തു മാപ്പിളശേരി ജോസഫും. ആൻറണി, ജോസഫ്, കുര്യാക്കോസ് എന്നീ ആൺമക്കളും യഥാക്രമം ബാങ്കുജോലി, പൗരോഹിത്യം, കുടുംബസംരക്ഷണം എന്നീ വൃത്തികളിൽ ഏർപ്പെട്ടു.

പിതാമഹന്റെ ധീരോദാത്തനായ പൗത്രൻ

ആസാമിനടുത്തുള്ള ജോർഹട്ടിൽവെച്ചു ഇന്ത്യൻ പ്രധാനമന്ത്രി മൊറാർജി ദേശായി സഞ്ചരിച്ചിരുന്ന വിമാനം അപകടത്തിൽപ്പെട്ടു. 1977 നവംബർ 4-ാം തീയതിയായിരുന്നു ആ സംഭവം. ഷെവ. ജോർജിന്റെ പൗത്രൻ സ്കാഡ്രൻ ലീഡർ മാത്യൂസ് സിറിയക്ക് ആണ് വിമാനം പൈലറ്റു ചെയ്തിരുന്നത്. പ്രധാനമന്ത്രിയെ രക്ഷിക്കുന്നതിനുള്ള ശ്രമത്തിൽ ആ ധീരവൈമാനികൻ ആത്മബലിയർപ്പിച്ചു. 92 കാരനായ ഷെവലിയറിനു അതു സഹിക്കാവുന്നതായിരുന്നില്ല. പിതാമഹനൊത്ത രാജ്യസേവനമാണ് പൗത്രൻ ആത്മത്യാഗത്തിലൂടെ വെളിപ്പെടുത്തിയത്.

ജീവിക്കുന്ന വിജ്ഞാനകോശം

'ഫാദർ നിധീരി' എന്ന ജീവചരിത്രഗ്രന്ഥത്തിനു സാമഗ്രികൾ തിരഞ്ഞുകൊണ്ടു ശ്രീ. എബ്രഹാം നിധീരി മാന്നാനം ആശ്രമത്തിലെ ഗ്രന്ഥപ്പുര പരിശോധിച്ചു. അപ്പോൾ ആശ്രമശ്രേഷ്ഠൻ പറയുകയാണ്:

'വി. സി. ജോർജ് എന്ന സഭാചരിത്ര വിജ്ഞാനകോശം കുറവിലങ്ങാട്ടുണ്ടല്ലോ. നിങ്ങൾ പിന്നെ എന്തിനു അത്തരം ചരിത്ര കാര്യങ്ങൾക്കു മറ്റു ഗ്രന്ഥശാലകൾ പരതണം?'.

മടുപ്പില്ലാത്ത അധ്വാനം

കഠിനാധ്വാനവ്യഗ്രത സ്മര്യപുരുഷന്റെ പ്രകൃതമായിരുന്നു. വിയർപ്പൊഴുക്കാതെ അപ്പം കേഷിക്കുന്ന

www.malankaralibrary.com

രീതി അദ്ദേഹത്തിനുണ്ടായിരുന്നില്ല. 8 വയസുള്ളപ്പോഴേ അപ്പൻ മരിച്ചു. പഠിത്തം നടത്തണം, കുടുംബഭാരം പേറണം, അമ്മയുടെയും സഹോദരീസഹോദരന്മാരുടെയും സംരക്ഷണം വഹിക്കണം. എല്ലാം അദ്ദേഹത്തെ കഠിനാധ്വാനത്തിലേക്കു നയിച്ചു, ഒപ്പം നിശ്ചയദാർഢ്യത്തിലേക്കും. സ്വകാര്യമായി പഠിച്ചാണ് പരീക്ഷകളെ പാസായത്. ഒരു മിനിറ്റുപോലും വൃഥാ കളഞ്ഞില്ല. പള്ളിക്കൂടത്തിലേക്കുള്ള യാത്രാവേളയിലാണ് വർത്തമാനപത്രം വായിച്ചിരുന്നത്. അധ്വാനത്തോടു മടുപ്പില്ലായ്മ കുഴിമാടത്തിലേക്കു കാലുനീട്ടുമ്പോഴും തുടർന്നു.

ഭിഷഗ്വരന്റെ ആശുപത്രി പ്രവേശം

ഹോമിയോപ്പതിസാന്നെപുണികൊണ്ട് അനേകം രോഗികൾക്കു ആശ്വാസം നല്കിയിട്ടുള്ള ഭിഷഗ്വരനാണ് ഷെവ. ജോർജ്. അദ്ദേഹം ഒരിക്കലും ആശുപത്രിയെ അഭയം ഗമിച്ചിട്ടില്ല. 1981 മെയ് 12-ാം തീയതി അദ്ദേഹം കോട്ടയം മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിക്കപ്പെട്ടു. പനിയും മൂത്രസംബന്ധമായ അസുഖവുമായിരുന്നു കാരണം. ആ ആശുപത്രി പ്രവേശനം അദ്ദേഹത്തിനു ആദ്യത്തേതായിരുന്നതുപോലെ അവസാനത്തേതുമായിരുന്നു. ആ ജീവിതത്തിലെ ഗണ്യങ്ങളായ 96 വർഷങ്ങൾ 1981 മെയ് 22-ാം തീയതി അവസാനിച്ചു.

മറയാത്ത ധന്യത

മരണത്തിനു മറയ്ക്കാവതല്ലാത്ത ധന്യതയാണ് ആ ജീവിതത്തിനേറെത്. സഭാധികാരവിധേയത്വം, കത്തോലിക്കാപ്രവർത്തന തപസ്യ, മതതീക്ഷ്ണത തുടങ്ങിയവ ആ ധന്യതയ്ക്കു മാറ്റുകൂട്ടുന്ന മുത്തുകളാണ്.

എത്ര നിർണ്ണായകപ്രശ്നങ്ങളുണ്ടാകട്ടെ, സഭാധികാരികളുടെ വിധിതീർപ്പിനു മുൻപിൽ ഷെവ. ജോർജ് അനുസരണയുള്ള കുഞ്ഞാടാണ്. വൈക്കം നിയോജക മണ്ഡലത്തിലെ ഒരു തിരഞ്ഞെടുപ്പിൽ അദ്ദേഹം സ്ഥാനാർ

www.malankaralibrary.com

ത്ഥിയായി നിന്നു. തലയോലപ്പറമ്പിലെ കൊല്ലംപറമ്പിൽ മി. മാത്യുവാണ് അടുത്ത സ്ഥാനാർത്ഥി. തികഞ്ഞ ശുഭാപ്തിവിശ്വാസമാണ് വി. സി. ജി. യ്ക്കു ഉണ്ടായിരുന്നത്. ചങ്ങനാശേരി രൂപതാദ്ധ്യക്ഷൻ മാർ ജയിംസ് കാളാശേരിയുടെ നിർദ്ദേശം പിൻമാറുന്നതിനായിരുന്നു. അതിനു വിധേയനാകാതിരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ആ അനുസരണശീലൻ പിന്തിരിഞ്ഞു. കുറവിലങ്ങാട്ടെ സെൻറ് മേരീസ് വിദ്യാലയത്തിൽ ഹെഡ്മാസ്റ്റർ തസ്തിക ഒഴിവുവന്നു. സ്ക്കൂളിനുവേണ്ടി ഏറെ പാടുപെടുകയും തികഞ്ഞ അർഹത നേടുകയും ചെയ്തിട്ടുള്ള ജോർജുസാറിനെ പ്രസ്തുത തസ്തികയിൽ നിയമിക്കണമെന്നു നാട്ടുകാർ ഒന്നടങ്കം മുറവിളികൂട്ടി. അതു വനരോദനമായതേയുള്ളു. സ്വാഭിലാഷങ്ങളെ കടിച്ചമർത്തി സഭാധികാരികളുടെ നിർദ്ദേശങ്ങളെ ശിരസാവഹിക്കുന്ന ധീരതയാണ് ഇവിടെ കാണുന്നത്. ഇത്തരം ഘട്ടങ്ങളിൽ ചില മാന്യന്മാർ കാട്ടിക്കൂട്ടുന്ന കോലാഹലങ്ങൾ കാണുമ്പോഴത്രേ പ്രശ്നം. വി. സി. ജോർജിന്റെ സഭാധികാരവിധേയത്വത്തിന്റെ മാറ്റ് വെളിപ്പെടുക.

ചരിത്രഗവേഷണങ്ങൾക്കോ ബൃഹൽഗ്രന്ഥരചനകൾക്കോ അദ്ദേഹം ആദായം കണ്ടെത്തിച്ചില്ല. ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ആയിരിക്കുമ്പോൾ പ്രതിമാസവേതനം 50 രൂപ മാത്രം.

www.malankaralibrary.cm

രണ്ട്

രണ്ടു കൈവിളക്കുകൾ

നേതാവിന്റെ ജീവിതകഥയും തലപ്പള്ളിയിൽ നിന്നുള്ള ദേശാന്തരഗമന ചരിത്രവും

ഷെവ. വി. സി, ജോർജിന്റെ ചരിത്ര ഗവേഷണം നല്കിയിട്ടുള്ള വിലപിടിച്ച രണ്ടു ഗ്രന്ഥങ്ങളത്രേ, ''നിധീരി മാണിക്കത്തനാർ'', ''കുറവിലങ്ങാട്ടു മർത്തമറിയം പള്ളിയും കേരള നസ്രാണികളും'' എന്നിവ; ഒന്ന്, നസ്രാണി നേതാവിന്റെ വിപുല ജീവിതം, മറെറതു കുറവിലങ്ങാട്ടു തലപ്പള്ളിയിൽ നിന്നുള്ള ദേശാന്തരഗമന വിവരണം.

I

നിധീരി മാണിക്കത്തനാർ

മലയാളത്തിലെ ബൃഹത്തായ ഒരു ജീവചരിത്രമാണിത്. ഗ്രന്ഥകാരന്റെ ഗവേഷണപാടവം വേണ്ടുവോളം വ്യക്തമാക്കുവാൻ ഈ കൃതിക്കു കഴിയുന്നു. ഡബിൾ ക്രൗൺ 570* പുറങ്ങളുള്ള ഈ വലിയ ഗ്രന്ഥത്തിൽ മൂന്നോ നാലോ ഗ്രന്ഥങ്ങൾക്കുള്ള സാമഗ്രികളുണ്ട്. ഒരു മഹാനായ വ്യക്തിയുടെ ജീവിതകഥ ഒന്ന്; വലിയ ഒരു കുടുംബത്തിന്റെ വിപുല വിവരണം, മറെറാന്ന്; കേരള സുറി

* തന്നിരിക്കുന്ന പേജുനമ്പർ ഒന്നാം പതിപ്പിനേറതാണ്. തുടർന്നു നല്കുന്ന ഉദ്ധരണികളുടെ പേജു നമ്പറും ഒന്നാം പതിപ്പിൽ നിന്നായിരിക്കും.

www.malankaralibrary.com

യാനിക്കാരുടെ സമഗ്ര ചരിത്രം ഇനിയൊന്ന്"; സഭാകാര്യ ങ്ങളിൽ വിദേശികളെ ചെലുത്തിയ സ്വാധീന ശക്തിയുടെ സമർത്ഥ ചിത്രീകരണം നാലാമതൊന്ന്.

പുസ്തകത്തിന്റെ പരപ്പു ഗ്രന്ഥ കർത്താവ് ന്യായീകരിക്കുന്നുണ്ട്"; കഥാ പുരുഷന്റെ എടുപ്പു വെളി പ്പെടുത്തുകയും ചെയ്യുന്നു: "ദിവ്യശ്രീ നിധിയിരി മാണിക്കത്തനാരുടെ ചരിത്രം കേരളത്തിലെ നസ്രാണി സമു ദായത്തിന്റെ ചരിത്രം ആണ്". "ജനകീയ നേതാവ്, മത ഭക്തൻ, സമുദായാഭിമാനി, സ്വാതന്ത്ര്യവാദി, ഭാഷാപ ണയി, ചരിത്രപ്രിയൻ, സംസ്കാരപ്രേമി, പ്രഭാഷണ ചതുരൻ, ഭിഷഗ്വരൻ, സാഹിത്യരസികൻ, രാഷ്ട്രീയ ചിന്തകൻ, നീതിനിഷ്ഠാനിരതൻ, ആർത്തപരിത്രാണ ലോ ലുപൻ, പരോപകാര തല്പരൻ എന്നീ വിവിധ നിലക ളിൽ ഏതിലാണ് മാണിക്കത്തനാർ കൂടുതലായി ലാലസി ച്ചതെന്ന് ഈ ഗ്രന്ഥപക്ഷങ്ങളുമായി പരിചയപ്പെടുന്ന വായനക്കാർ തന്നെ തീരുമാനിച്ചുകൊള്ളേണ്ടതാണ്".

ചരിത്രപുരുഷന്റെ സകലകലാവല്ലഭത്വമാണ് ഇതു വെളിപ്പെടുത്തുന്നത്. 62 വർഷം (1842–1904) ജീവിച്ച ആ സമുദായ നേതാവിന്റെ സംഭവബഹുലമായ ജീവിത കഥ 69 അധ്യായങ്ങളിലായി വിവരിച്ചിരിക്കുന്നു.

ജീവചരിത്ര സാഹിത്യം എന്ന പ്രാമാണിക ഗ്രന്ഥത്തിൽ ഡോ. കെ. എം. ജോർജ് പ്രസ്തുത കൃതിയെ വിലയിരുത്തുന്നു. "... പ്രമാണപ്പെട്ട പല രേഖകളും ചരി ത്രകാരൻ സജ്ജീകരിക്കയും ഉപയോഗിക്കയും ചെയ്തി ട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ 19-ാം നൂറ്റാണ്ടിൽ കേരള ക്രൈസ്തവരുടെ ഇടയിലുണ്ടായിരുന്ന ഒരു മഹാനെ കേന്ദ്രമാക്കി നിർത്തി അദ്ദേഹം പ്രവർത്തിച്ച മണ്ഡലങ്ങ ളുടെ ചരിത്രം രേഖപ്പെടുത്തുകയാകുന്നു ഇവിടെ ചെയ്തിട്ടുള്ളത്. ജീവചരിത്രം എന്ന മാനദണ്ഡം വെച്ചുനോ ക്കുമ്പോഴും പശ്ചാത്തല വിവരണത്തിനു അനുവദിച്ചി ട്ടുള്ള സ്ഥാനം കൂടുതലാണെന്നു പറയുന്നതിൽ തെറ്റില്ല. വി. സി. ജോർജിന്റെ ഭാഷാരീതി പ്രൗഢവും ചരിത്ര പ്രതിപാദനത്തിനു ചേർന്നതുമാണ്. എഴുതി തഴക്കം വന്നി

www.malankaralibrary.com

ട്ടുള്ള ഒരു രൂപികയുടെ വിളയാട്ടം ഈ ഗ്രന്ഥത്തിൽ ഉടനീളം പ്രകടമാകുന്നു.''

II

കുറവിലങ്ങാട്ടു മർത്ത മറിയം പള്ളിയും കേരള നസ്രാണികളും

ഒരു മഹാപുരുഷനെ കേന്ദ്രമാക്കി കേരള സുറിയാനിക്കാരുടെ ചരിത്രമാണ് ''നിധിയിരിക്കൽ മാണിക്കത്തനാർ''. ചരിത്ര പ്രസിദ്ധമായ ഒരു ദൈവാലയത്തെ കേന്ദ്രബിന്ദുവാക്കി കേരള നസ്രാണികളുടെ കഥാകഥനം അത്രേ, ''കുറവിലങ്ങാട്ടു മർത്തമറിയം പള്ളിയും കേരള നസ്രാണികളും'' എന്ന ഗ്രന്ഥത്തിലുള്ളത്. കുറവിലങ്ങാടിന്റെ പഴമ, മർത്തമറിയം പള്ളിയുടെ മഹിമ, ആ തലപ്പള്ളിയുടെ ഗരിമ, ചരിത്ര സംഭവങ്ങളുടെ പുതുമ-എല്ലാം വെളളിത്തിരയിലെന്നവണ്ണം ഇക്കൃതിയിൽ നിരക്കുന്നുണ്ട്. സാമുദായിക ചരിത്രകാരന്മാരിൽ മുൻപന്തിയിൽ ഇരിക്കുന്നതിനുള്ള അർഹത ഈ പഠനങ്ങളം ഗ്രന്ഥകാരനു നല്കുന്നു.

പ്രൊഫ. പി. വി. ഉലഹന്നാൻ മാപ്പിള 1977 ജനുവരി 29-ാം തീയതി പുസ്തകത്തെ അഭിനന്ദിച്ചു എഴുതി: ''ചരിത്ര ഗവേഷണങ്ങളിൽ നിതരാം നിഷ്ണാതൻ എന്ന സമാദരത്തിനർഹനായ ഷെവ. വി. സി. ജോർജിന്റെ ''കുറവിലങ്ങാട്ടു മർത്തമറിയം പള്ളിയും കേരള നസ്രാണികളും'' എന്ന പുസ്തകം ഞാൻ കൗതുകത്തോടെ വായിച്ചു. ബഹുകാര്യവ്യഗ്രതയ്ക്കിടയിലാണ് ഈ ഗ്രന്ഥത്തിന്റെ 462 പേജുകളിലൂടെ നടത്തിയ ദ്രുത പര്യടനം തീർത്തും ഉന്മേഷപ്രദമായിരുന്നു. കുറവിലങ്ങാട്ടു പള്ളിയുടെ മേന്മകളിൽ ഒട്ടിപ്പിടിച്ചു കിടക്കുന്ന കേരള നസ്രാണി ചരിത്രത്തിന്റെ ആക്കത്തൂക്കമാണ് എനിക്കു വിസ്മയകമായി തോന്നിയത്''.

''മത്തായിക്കൊരംകഭിമാനമേനീ'' എന്നു കുറവിലങ്ങാടിനെക്കുറിച്ചു പറയാൻ ഈ പുസ്തകത്തിന്റെ വായന സഹായകമായിത്തീർന്നു. ''ബാല്യം മുതൽ കുറവിലങ്ങാടിനേയും മൂന്നു നോമ്പു മഹോത്സവത്തേയും പറ്റി കേട്ടിരുന്നു. ... പിന്നീടൊരിക്കൽ 'ഓളത്തിലുയരുന്ന ശിങ്കാ

www.malankaralibrary.com

രക്കപ്പെല്‌മേളത്തി'ലങ്ങനെ ജനവ്യൂഹത്തിരയിലൂടെ നീങ്ങു ന്നതു കണ്ടു രസിക്കാനുമിടയായി''. (പ്രൊഫ. പി. വി. ഉലഹന്നാൻ മാപ്പിളയുടെ കത്ത്).

കുറവിലങ്ങാട്ടു 'മുത്തിയമ്മ'യെക്കുറിച്ചുള്ള കീർത്തനങ്ങളും വായിച്ചപ്പോഴും മറിയൻ തീർത്ഥാടനങ്ങളുടെ അനുഭൂതി തന്നെ പ്രൊഫ. ഉലഹന്നാൻ മാപ്പിളയ്ക്കുണ്ടായതത്രേ. ''ശ്രീ. വി. സി. യുടെ ഈ അമൂല്യഗ്രന്ഥം വായിച്ചപ്പോഴും മർത്തമറിയം പള്ളിയിലെ കന്യാംബിക പരിവേഷം കെട്ടി നടനവിധി നടത്തുന്ന രംഗങ്ങളും ഓർമ്മയിൽ വന്നു. ദിവ്യജനനി 18 പ്രാവശ്യം കുമാരി ബർണദീത്തായ്ക്കു കണപ്പെട്ട ലൂർദ്ദിലെ ലോകോത്തര തീർത്ഥത്തിലെത്തി അവ്യാഹതമായി അംബികാ ഭക്തിയുടെ അലയടി 1969 ലും 1975-ലും കണ്ടാനന്ദിച്ചപ്പോഴും ഇംഗ്ലണ്ടിലെ എയിലിസ്ഫോഡിലെ വി. സൈമൺ സ്റ്റോക്കിനു പ്രത്യക്ഷയായ മേരി മാതാവ് തന്റെ ഉത്തരീയം സമ്മാനിച്ച ഭൂഭാഗത്തെ വിതത ശാന്തമായ അന്തരീക്ഷം 1974 ഒക്ടോബർ 4-നു കൺകുളിർപ്പിച്ചപ്പോഴും പരിശുദ്ധ കന്യാംബയുടെ ജനനജീവിത മരണങ്ങളാൽ പവിത്രമായ ജറുസലേമും നസ്സും പരിസരങ്ങളും കണ്ടു രോമാഞ്ചകഞ്ചുകമണിഞ്ഞപ്പോഴും ഉണ്ടായ അനുഭൂതികളോടു ഒട്ടടുത്ത ഒരു ആനന്ദവായ്പ് കുറവിലങ്ങാട്ടു ''മുത്തിയമ്മ'' യായും മറ്റും മറ്റും ആവിർഭൂതയായ കന്യകാമറിയത്തെപ്പറ്റിയുള്ള കീർത്തനങ്ങളും വായിച്ചപ്പോഴും എന്നിലുണ്ടായി എന്നു പറഞ്ഞുകൊള്ളട്ടെ'' (Ibid)

ഗ്രന്ഥകർത്താവു പ്രകടിപ്പിച്ചിട്ടുള്ള ചരിത്ര പാടവം അഭിനന്ദനീയം തന്നെ. ''കേരള നസ്രാണി സമുദായത്തിന്റെ പല ഘട്ടങ്ങളും നിഷ്കൃഷ്ടമായി രേഖപ്പെടുത്താൻ, അക്കാര്യത്തിൽ ഏതാണ്ടു അനുത്തമമായ അവഗാഹം നേടിയ ശ്രീ. വി. സി. ക്കു കഴിഞ്ഞിട്ടുണ്ട്. കളളി, കാളികാവ്, ശങ്കരപുരി, പകലോമറ്റം എന്ന നാലില്ലങ്ങളേയും അവയുടെ ശാഖോപശാഖകളേയും പരാമർശിക്കുന്നിടത്തു സമ്പൂർണ്ണമായ അഥവാ അവികലമായ പ്രതിപാദനം നടന്നിട്ടുണ്ടോ എന്നു നിർണ്ണയിക്കത്തക്ക ഒരു പുരാതന ചരിത്ര പാടവം എനിക്കില്ല. കുടുംബശാഖാപരമായും

www.malankaralibrary.com

ശാഖാനിർഗ്ഗമനാത്മകമായും ചിലർക്കു അഭിപ്രായാന്തരങ്ങളും ഉണ്ടായെന്നു വരാം. തൽപരമായ ചില വിമർശനങ്ങളും ഞാനും വായിച്ചിട്ടുമുണ്ട്. എന്നാൽ, ചരിത്ര ഗ്രന്ഥങ്ങളും ഒരിക്കലും പരിമിതികൾക്കപ്പുറമായി എന്നു വരുന്നതല്ലല്ലോ. ശ്രീ. ജോർജിനെപ്പോലെ സുദീർഘവും കർമ്മബഹുലവും അരോഗവുമായ ജീവിതത്താൽ അനുഗൃഹീതനായ ഒരു മഹാൻ തന്റെ അറിവുകളും നിരത്തി നിരത്തിവെക്കുന്നതു കാണുമ്പോൾ കേരളനൃസാണി സമുദായത്തിന് അദ്ദേഹത്തെ അഭിനന്ദിക്കാതിരിക്കാനും ആ അമൂല്യമായ വിജ്ഞാനത്തിന് നന്ദിപറയാതിരിക്കാനും വയ്യ. കുറവിലങ്ങാട്ടു പള്ളിയോടനുബന്ധമായ നൃസാണിത്തറവാടുകളേയും അവിടെല്ലാം ജനിച്ചു വളർന്നു വിരാജിച്ച മഹാത്മാക്കളേയും അക്കമിട്ടവതരിപ്പിക്കുന്ന ആ പാണ്ഡിത്യത്തിനു മുമ്പിൽ നമോവാകമർപ്പിച്ചേ മതിയാവൂ" (Ibid)

സമുദായ ചരിത്രകാരന്മാരിൽ അഗ്രേസരത്വവും പ്രസ്തുത കൃതി ഷെവ. ജോർജിനു നേടിക്കൊടുക്കുന്നു. ഈ വിധിനിർണ്ണയവും പ്രൊഫ. മാപ്പിളയുടേതുതന്നെ. "സമുദായ ചരിത്രകാരന്മാരെന്നു പ്രഖ്യാതരായിക്കഴിഞ്ഞിരിക്കുന്ന ബർണാർദച്ചനും പ്ലാസിഡച്ചനും സമസ്കനന്ധനായ ഒരു ഗ്രന്ഥകാരനും ഒരു പക്ഷേ കുറവിലങ്ങാട്ടു മർത്തമറിയം പള്ളിയുടെ ദിവ്യതാപ്രകർഷത്തെ തേജോമയമാക്കി പ്രകടിപ്പിക്കുന്നതിനാൽ മറ്റാരേയുംകാൾ മുൻപന്തിയിലെത്തിയ ഈ ദേശീയപണ്ഡിതൻ, കേരള നൃസാണികളുടെ മാത്രമല്ല മലയാളികളും മുഴുവൻറേയും ലോകചരിത്രകാരന്മാരുടെ തന്നെയും ശ്രദ്ധയെ സവിശേഷം ആകർഷിക്കുന്നു, ഈ ഗ്രന്ഥം വഴിയെന്നു പറയാൻ എനിക്കതിയായ സന്തോഷമുണ്ട്" (Ibid).

ശ്ലാഘ്യമായ രചനാ കുശലതയാണ് ശ്രീ. വി. സിയുടേത്. 'നല്ലൊരു ഭാഷാശൈലി ! രസികൻ പ്രതിപാദനങ്ങൾ! ഒട്ടു കഥാപരമായ ഇതിവൃത്തങ്ങളും പലേടത്തും: പനങ്കുഴയ്ക്കലെ വല്യ പ്പന്റെ അഭ്യാസവൈദഗ്ദ്ധ്യം, കൊച്ചു കുര്യേപ്പച്ചന്റെ ഇടപ്പള്ളി പ്രവേശനം, ഉണ്ണിട്ടൻ കത്തനാരും ഏറ്റുമാനൂർ ദേവസ്വവുമായുള്ള ഏറ്റുമുട്ടൽ — എല്ലാം മനം കവരുന്ന ഘട്ടങ്ങളാണ്.

കേരള നൃസാണികളും സമുദായ ഭേദമില്ലാതെ വായിച്ചാസ്വദിക്കേണ്ട ഈ ഗ്രന്ഥത്തിനു ഭാവുകങ്ങൾ നേരുന്നു. അഭിവന്ദ്യനായ ഗ്രന്ഥകാരന് അഭിവാദ്യങ്ങളും" (Ibid).

o o o

www.malankaralibrary.com

കേരള സഭാചരിത്ര പ്രശ്നങ്ങളും ഷെവ. വി. സി. ജോർജിന്റെ ഗവേഷണ നിഗമനങ്ങളും

''വിദ്യയും വിത്തവുമുണ്ടല്ലോ. ഏതിനാണ് ശ്രീ. വി. സി. ജോർജ് പ്രാധാന്യം കൊടുത്തത് ? ''

'' സംശയമെന്താണ് ? വിദ്യയ്ക്കു തന്നെ''.

''വിദ്യാഗോപുരത്തിന്റെ അന്തമറ്റ എടുപ്പുകളിൽ എവിടെയാണ് അദ്ദേഹം സങ്കേതം കണ്ടെത്തിയത് ?''

'' ഉറപ്പിച്ചുതന്നെ പറയാം. ചരിത്രത്തിന്റെ ഉത്തുംഗ നിലയത്തിൽ''.

'' ചരിത്രത്തെ ഒരു പാരാവാരത്തോടുപമിക്കാമല്ലോ. ആ അഗാധനീലിമയിലെ ഏതു കയത്തിൽ മുങ്ങിത്തപ്പുന്നതിനാണ് ആ വിജ്ഞാനകുതുകി ഒരുമ്പെട്ടത് ?

'' സഭാചരിത്രത്തിന്റെ ആഴക്കടലിൽ''

'' സഭാചരിത്രത്തിനു മുഖങ്ങളും ഒന്നും രണ്ടുമല്ലല്ലോ. എവിടേക്കു തിരിയുന്നതിനാണ് ശ്രീ. ജോർജ് കൂടുതൽ ഇഷ്ടപ്പെട്ടത്? ''

'' കേരള സഭാചരിത്രത്തിലേക്ക് ''.

'' ആ ചരിത്രഗവേഷകൻ മിഴിവുകാട്ടിയ കേരളസഭാചരിത്രഭാഗം ഏതാണ് ?''

''കേരള നസ്രാണികളുടെ ചരിത്രം''.

ഷെവ. വി. സി. ജോർജിന്റെ ''നിധിയിരിക്കൽ മാണിക്കത്തനാർ '' എന്ന ബൃഹൽഗ്രന്ഥത്തെ വിലയിരുത്തിക്കൊണ്ട് ജോസഫ് മാർ സേവേറിയോസ് എഴുതി:

www.malankaralibrary.com

''ഒരു സാധാരണ ഗ്രന്ഥമല്ലിത്. തികഞ്ഞ വിജ്ഞാന കോശം തന്നെ. കേരള നസ്രാണികളെയും സഭാനുരഞ്ജന പ്രസ്ഥാനത്തേയും കുറിച്ചുള്ള വിജ്ഞാന നിക്ഷേപം. അറിവിന്റെ എത്ര വലിയ ഖനിയാണിത്. ഭാരിച്ച അദ്ധ്വാനം എന്തു മാത്രമാണ് ഇതിന്റെ പിന്നിൽ ഉണ്ടായിട്ടുള്ളത്. സഭാനുരഞ്ജനത്തിനുള്ള അങ്ങയുടെ ആത്മാർത്ഥമായ ആവേശം അതിരില്ലാത്തതാണ്'', (1951 മാർച്ച് 19–ാം തീയതി എഴുതിയ കത്ത്).

''നിധിയിരി മാണിക്കത്തനാർ'' എന്ന ഗ്രന്ഥം മാത്രമല്ല സഭാനുരഞ്ജനത്തിന്റെ ഭേരി മുഴക്കുന്നത്. ''കുറവിലങ്ങാട്ടു മർത്തമറിയംപള്ളിയും കേരള നസ്രാണികളും'', ''The syro chaldean Church in Malabar'', ''Christianity in India Through the Ages'', ''The Church in India before and after the Synod of Diamper'' തുടങ്ങിയ കൃതികളും മുന്നിട്ടു നിൽക്കുന്നു. ഒരേ കുടുംബജരാണ് ഇരുചേരിയിലേക്കു വഴുതിയത്; ഒരേ ഇടവക കൂട്ടായ്മയുടെ ദാർഢ്യം ചിതറി ശിഥിലമായതിന്റെ ദാരുണകഥയത്രേ കേരള ക്രൈസ്തവരുടേത്; ചരിത്രാവബോധം നൽകുന്ന ദുഃഖസത്യം സഭാനുരഞ്ജനത്തിനുവേണ്ടി വിലപിക്കുന്നു - എന്നീ വസ്തുതകളും സ്ഫടികസ്പുടം ഈ കൃതിയിൽ കാണാം.

ഷെവ. വി. സി. ജോർജിന്റെ ചരിത്ര നിഗമനങ്ങളിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തുകയാണ്. ഉദ്ധരണികളായോ സംഗൃഹീത രൂപങ്ങളായോ അക്കമിട്ടു അവതരിപ്പിച്ചിരിക്കുന്നത് ആ നിഗമനങ്ങളും തന്നെ.

I

ഒരേ കുടുംബജർ ഇരുചേരിയിലേക്ക്

''ഒരുത്തി പെറ്റിരുവരായ്, ഇരുവരും കരുത്തരായ്, കരുത്തരും വിരുദ്ധരായ്'' എന്ന ചൊല്ല് പുത്തൻകൂർ പഴയകൂർ വിഭജനത്തെക്കുറിച്ചും പറയാം. ഒരേ കുടുംബത്തിലെ സഹോദരന്മാരാണ് ഇരുകൂറുകൾക്കും നേതൃത്വം നൽകിയത്. ഒന്നാം മാർത്തോമ്മാ കുറവിലങ്ങാട്ടു പകലോ

www.malankaralibrary.com

മറ്റം കുടുംബത്തിൽപ്പെട്ട പള്ളിവീട്ടുശാഖയിലെ അംഗമായിരുന്നു; പള്ളിവീട്ടിൽ ചാണ്ടിമെത്രാനും അതേ കുടുംബജൻ തന്നെ, രണ്ടുപേരും സമകാലീനർ, ഒരാൾ പുത്തൻകൂറിനു ജന്മം നല്കി; അപരൻ പഴയകൂറിനു നേതൃത്വം കൊടുത്തു. (Ref. കുറവിലങ്ങാട്ടു മർത്തമറിയം പള്ളിയും കേരള നസ്രാണികളും p 304). ആ കുടുംബത്തിൽപ്പെട്ടവർ വേർപിരിഞ്ഞ ''കൂറു'' കാലക്കു തുടർന്നും നേതൃത്വം കൊടുത്തു. ഒന്നാം മാർത്തോമ്മായെ അനുഗമിച്ചു രണ്ടാം മാർത്തോമ്മാ, മൂന്നാം മാർത്തോമ്മാ തുടങ്ങിയവർ പുത്തൻകൂറിന്റെ തലപ്പത്തു ഇരുന്നവരാണ്; അലക്സാണ്ടർ മാർ തെയോഫിലോസ്, മാത്യൂസ് മാർ അത്തനാസിയോസ്, യൂഹാനോൻ മാർത്തോമ്മാ, ടൈറസ് മാർ തീത്തൂസ് എന്നിവർ മാർത്തോമ്മാ സഭയെ വഴി നടത്തി. ഇവരെല്ലാം തന്നെ പകലോമറ്റം കുടുംബജാത്രെ. (Ref. Ibid p-304, 305, 306, 439, 440). പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപ്പറമ്പിലും ടെസ്പൂർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് മിറ്റത്താനിയും പകലോമറ്റം കുടുംബത്തിൽപ്പെട്ട ഇന്നത്തെ കത്തോലിക്കാ മെത്രാന്മാരാണ്. (Ref Ibid. p. 420 ,421).

''ഒരച്ഛനമ്മയ്ക്കു പിറന്ന മക്ക-
ളോർത്താലൊരൊറ്റത്തറവാട്ടുകാർ നാം''

എന്നു മാത്രമേ വ്യത്യസ്ത ചേരിക്കാരായ കേരള ക്രിസ്ത്യാനികളെക്കുറിച്ചു പറയാനുള്ളൂ,

II

ഒരേ ഇടവകക്കൂട്ടായ്മയുടെ ദാർഢ്യം ചിതറി ശിഥിലമായതിന്റെ ദാരുണകഥ

''കുറവിലങ്ങാട്ടു മാർത്തമറിയം പള്ളിയും കേരള നസ്രാണികളും'' എന്ന ചരിത്രഗ്രന്ഥം സമർത്ഥിക്കുന്ന ഒരു വസ്തുതയുണ്ട്: ഇവിടുത്തെ ക്രിസ്ത്യാനികളുടെ പൂർവ്വികമായ ഏകത്വം. ആ തലപ്പള്ളിയിൽ നിന്നു പിരിഞ്ഞ പള്ളികളുണ്ട്; അവിടെ നിന്നും ദേശാന്തരഗമനം നടത്തിയ വ്യക്തികളുമുണ്ട്. അവരുടെ പിൻഗാമികൾ പൂർവ്വവിശ്വാസ സംരക്ഷകരും അല്ലാത്തവരുമായി വേർപിരിഞ്ഞു.

www.malankaralibrary.com

മുട്ടുചിറ, അതിരമ്പുഴ, രാമപുരം, കുടക്കച്ചിറ, കൂടല്ലൂർ, കുറിച്ചിത്താനം, വേങ്ങത്താനം മുതലായ പള്ളികളും കുറവിലങ്ങാട്ടേ മാതൃദേവാലയത്തിൽ നിന്നു വേർപിരിഞ്ഞിട്ടുള്ളവയാണ്. (Ref. Ibid p- 399, 400, 401, 403). അവിടെ നിന്നു ദേശാന്തരഗമനം നടത്തിയിട്ടുള്ളവർ കേരളത്തിന്റെ വിവിധഭാഗങ്ങളിലുണ്ട്. കടമറ്റം, തിരുവല്ലാ, മാരാമൺ, അയിരൂർ, കോഴഞ്ചേരി, നിരണം, കല്ലൂപ്പാറ, മേപ്രാൽ, പുതുപ്പള്ളി, തൃക്കോതമംഗലം, കാനം, നാലുന്നാക്കൽ, പാമ്പാടി, മീനടം, പനയമ്പാല, കൊട്ടാരക്കര, ചെറുകോൽപ്പുഴ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം അവരെ കാണാം. മാരാമണ്ണ് അഴക്കത്ത്, അയിരൂർ കിഴക്കനേത്ത്, കോഴഞ്ചേരി ചക്കാലയിൽ, തേവർവേലി, കല്ലൂപ്പാറ ചക്കാലമുറി, മേപ്രായിൽ പൂതിക്കോട്ടു, പുതുപ്പള്ളി വാഴക്കാല, അയിരൂർ കിടങ്ങിനേത്തു, താഴമൺ എന്നീകുടുംബങ്ങളും എടുത്തുപറയാവുന്നവയാണ്. (Ref. Ibid p- 437, 440, 441, 442 443 444, 445, 446).

പുത്തൻകൂർ പഴയകൂർ വിഭജനം ആവിർഭവിക്കുന്നതിനുമുമ്പേ ഈ ദേശാന്തരഗമം നടന്നു, ഒരേ വിശ്വാസവും മതാചാരവുമുണ്ടായിരുന്നവർ കാലക്രമേണ പുതുസമൂഹങ്ങളിൽപെട്ടുപോയി. (Ref. Ibid p- 436).

''കൂർ'' മത്സരത്തിൽനിന്നു രക്ഷപ്പെടാൻ പലായനം ചെയ്തവരുമുണ്ട്. തിരുവല്ലായിലെ കാവിൽ കുടുംബം ഉദാഹരണമാണ്. പകലോമറ്റത്തുനിന്നു തിരുവല്ലായിൽ താമസമാക്കിയതാണാകുടുംബം. അവിടെ പുത്തൻകൂർ പ്രാബല്യം വർദ്ധിച്ചു. പഴയകൂറിൽ തുടരുന്നതിനേത്രേ കാവിൽ ചെറിയാൻ മാപ്പിള ആഗ്രഹിച്ചത്. അദ്ദേഹം പാലായിലേക്കു പോയി; ഭാര്യ വീട്ടുകാർ നൽകിയ കട്ടക്കയം പുരയിടത്തിൽ താമസമാക്കി. കട്ടക്കയത്തിൽ ഏബ്രഹാം മൽപ്പാൻ, വലിയ ചാണ്ടിയച്ചൻ, കൊച്ചു ചാണ്ടിയച്ചൻ, വലിയ യാക്കോബച്ചൻ, കൊച്ചു യാക്കോബച്ചൻ, മഹാകവി കട്ടക്കയം ചെറിയാൻ മാപ്പിള തുടങ്ങിയവർ ആ കുടുംബത്തിൽപ്പെട്ടവരാണ്. (Ref. Ibid p - 416, 417, 418).

www.malankaralibrary.com

III

ചരിത്രാവബോധം നൽകുന്ന ദുഃഖ സത്യം സഭാനുരഞ്ജനത്തിനു വേണ്ടി നിഷേധിക്കുന്നു

A. ആദിമ കേരളസഭ

1) ആരാധനാ ഭാഷ അന്ന്

പൗരസ്ത്യ സുറിയാനി (കൽദായ സുറിയാനി)യായിരുന്നു ആദിമകേരള സഭയുടെ ആരാധനാഭാഷാ. ശ്ലീഹാ ഏത ദേശീയ പുരോഹിത ശ്രേഷ്ഠന്മാരെയത്രേ ഇവിടത്തെ ഭരണത്തിനു നിയോഗിച്ചത്. ഈ ശ്രേഷ്ഠപുരോഹിത വംശാവലി കാലാന്തരത്തിൽ നാമാവശേഷമായി. സിറിയ, പേർഷ്യ, മെസപ്പെട്ടോമിയ എന്നീ രാജ്യങ്ങളിൽ നിന്നു പുരോഹിത ശ്രേഷ്ഠന്മാർ ഇവിടെ വന്നു. ഇവരെ നിയോഗിച്ചതു അന്ത്യോക്യാ പാത്രിയർക്കീസും അനന്തരം ബാബേലിലെ കൽദായ പാത്രീയർക്കീസുമായിരുന്നു. കൽദായ പാത്രിയർക്കീസിന്റെ കീഴിൽ കൽദായ റീത്ത് അനുസരിച്ച് കൽദായ മെത്രാന്മാരാൽ കേരളത്തിലെ നസ്രാണി സമൂഹം അനേകം ശതാബ്ദകാലത്തേക്കു ഭരിക്കപ്പെട്ടുപോന്നു. (Ref. നിധിയിരിക്കൽ മാണിക്കത്തനാർ, 5-ാം അദ്ധ്യായം, p 12-22).

2) ഇരുളടഞ്ഞ കാലം

മതമത്സരം, മതപീഡനം, മതത്യാഗം ആദിയായ കാരണങ്ങളാൽ ആദിമ കേരള ക്രൈസ്തവ സഭ ഏതാനും ദശാബ്ദങ്ങളിൽ കഷ്ടയോനമുഖമായി കഴിഞ്ഞു. ശ്ലീഹാ കേരളത്തിൽ സഭാദ്ധ്യക്ഷനായി നിയമിച്ച കൊടുങ്ങല്ലൂരിലെ കേപ്പാമെത്രാന്റെ നിര്യാണശേഷം അദ്ദേഹത്തിന്റെ പിൻഗാമികളായ മെത്രാന്മാർ എത്ര കാലത്തേക്കു സഭാഭരണം നടത്തിയെന്നു നിശ്ചയമില്ല. കേരളസഭ അധോഗതിയിൽ കഴിയുന്ന കാലത്ത് അർക്കദിയാക്കോൻ എന്ന വൈദികസ്ഥാനി ഇന്നാട്ടിൽ ഇല്ലായിരുന്നുവെന്നുള്ളതും പ്രസ്തവയോഗ്യമാണ്'''. (കുറവിലങ്ങാട്ടു മർത്തമറിയം പള്ളിയും കേരള നസ്രാണികളും p 241).

3) സെലൂക്യാ പാത്രിയാർക്കീസിന്റെ നേതൃത്വം

325-ൽ കൂടിയ നിക്യാസുനഹദോസിന്റെ നിശ്ചയ

www.malankaralibrary.com

പ്രകാരമാണ് അന്ത്യോക്യായുടെ സമ്മതത്തോടെ സെലൂക്യാ പാത്രിയാർക്കീസ് ഭാരതസഭയുടെമേൽ അധികാരം ഏറെറടുത്തത്. (Ref. Ibid p- 242, 243)

4) പേർഷ്യാക്കാരനായിരുന്ന മാർ യോഹന്നാൻ മെത്രാൻ

സെലൂക്യാ പാത്രിയർക്കീസ് ഭാരതസഭയുടെമേൽ ഭരണാധികാരം ഏറെറടുത്തപ്പോഴും ഇവിടെ ഏതദ്ദേശീയ മെത്രാന്മാരില്ലായിരുന്നു. വലിയ ഇന്ത്യയുടെ മെത്രാൻ എന്ന സ്ഥാനമെഴുതി നിക്യാസൂന്നഹദോസ് നിശ്ചയങ്ങളിൽ ഒപ്പുവെച്ച മാർ യോഹന്നാൻ പേർഷ്യക്കാരനായിരുന്നുവെന്നു വിശ്വസിക്കപ്പെടുന്നു'' (Ibid p-243)

5) അർക്കദിയാക്കോൻ സ്ഥാനം

'' കുന്നായിത്തോമ്മായോടുകൂടി കേരളത്തിൽ വന്ന ഔസേപ്പു മെത്രാപ്പോലീത്താ ആയിരുന്നു അർക്കദിയാക്കോൻ സ്ഥാനം ഇദംപ്രഥമമായി കേരളത്തിൽ സ്ഥാപിച്ചത്''. (Ibid p - 244).

6) 'ജാതിക്കു കർത്തവ്യ'ന്റെ വിപുലാധികാരം

അർക്കദിയാക്കോന്മാർക്കു വിപുലാധികാരങ്ങൾ ഉണ്ടായിരുന്നു. 'ജാതിക്കു കർത്തവ്യം'' എന്ന വിശേഷ നാമം അവർക്കുണ്ടായിരുന്നു. സമുദായ നേതൃത്വം വഹിച്ചിരുന്ന ആളെന്നത്രേ ഇതു വിവക്ഷിച്ചത്'' (Ref. Ibid p-245).

B. കേരളസഭയും റോമാബന്ധവും

ക്രൈസ്തവ സഭയുടെ ഉത്ഭവം മുതൽക്കുതന്നെ കൽദായ സഭ റോമാമേൽപ്പട്ടക്കാരന്റെ മേലധികാരത്തെ അംഗീകരിച്ചിരുന്നു. കൽദായ സുറിയാനി മഹാവംശത്തിന്റെ മാതൃസ്ഥാനം അന്ത്യോക്യാ സിംഹാസനത്തിനാണല്ലോ. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് റോമിലെ സഭയ്ക്കെഴുതിയ സുപ്രസിദ്ധമായ ലേഖനത്തിൽ റോമാസിംഹാനത്തിന്റെ പ്രാഥമ്യവും പരമാധ്യക്ഷതയും പ്രകടമായി പ്രസ്താവിച്ചിരിക്കുന്നു. ഇതനുസരിച്ചുള്ള പാരമ്പര്യം കൽദായ സുറിയാനിക്കാരുടെയിടയിൽ എല്ലാക്കാലത്തും നിലനിന്നു പോ

www.malankaralibrary.com

ന്നിട്ടുള്ളതുമാകുന്നു. (Ref. നിധിയിരി മാണിക്കത്തനാർ, അധ്യായം 7, p-22—27).

C. പാദ്രുവാദോ വരുത്തിയ കുഴപ്പം

1) പാദ്രുവാദോ എന്ത് ?

ഇംഗ്ലീഷിലെ പെട്രോനെജു (Petronage) ശബ്ദത്തോട് അർത്ഥസാമ്യമുള്ളതാണ് പാദ്രുവാദോ. രക്ഷാധികാരം, സംരക്ഷണം എന്നൊക്കെ ഇതിനു അർത്ഥം കൽപ്പിക്കാം. കേരളത്തിലെ ക്രിസ്തു സമുദായത്തിനുമേൽ പോർട്ടുഗീസ് രാജകീയ ഗവൺമെൻറിനുണ്ടായിരുന്ന സംരക്ഷണാധികാരം എന്നാകുന്നു ഇവിടെ വിവക്ഷ. ആറാം അലക്സാണ്ടർ പാപ്പാ (1492–1510 വരെ) ചെയ്ത തീരുമാനം അനുസരിച്ചു ഭാരതഖണ്ഡം പോർട്ടുഗീസുകാരുടെ വീതത്തിൽപെട്ടു. കച്ചവടം നടത്താനും സുവിശേഷം പരത്താനുമുള്ള അനുവാദമാണ് ഇങ്ങനെ ലഭ്യമായത്. (Ref. Ibid, അധ്യായം 9, p-33, 38).

2) അനുചിതമായ നുഴഞ്ഞുകയറ്റം

നസ്രാണികളെ വേദനിപ്പിക്കുന്നതായിരുന്നു പോർട്ടുഗീസുകാരുടെ നീക്കം. അങ്കമാലി മെത്രാപ്പോലീത്താ മാർ എബ്രഹാം ഒരു പാഷണ്ഡിയാണെന്നു മിഷനറിമാർ എഴുതി. ബാബേൽ വഴി വരുന്ന മെത്രാന്മാരുടെ വിശ്വാസ്യത അവർ സംശയാധീനമാക്കി. ബാബേൽ അധികാരത്തിൽനിന്നു വിടർത്തി മലങ്കരയെ ഗോവയുടെ അധികാരത്തിൻ കീഴിലാക്കാൻ ശ്രമം നടന്നു. മാർ അബ്രഹാമിന്റെ മരണാനന്തരം മലങ്കര സഭയുടെ ധർമ്മാദ്ധ്യക്ഷനായി ഇരിക്കേണ്ടിയിരുന്നത് ഗീവറുഗീസ് അർക്കദിയാക്കോനായിരുന്നു. അദ്ദേഹത്തെയും മലങ്കര സഭയുടെ പാരമ്പര്യത്തേയും വിഗണിച്ച് മലങ്കര സഭയെ തനിക്കധീനമാക്കാൻ അന്നത്തെ ഗോവാ മെത്രാപ്പോലീത്താ തീരുമാനിച്ചു. അലക്സിസ് ദി മെനസിസ് എന്ന അദ്ദേഹം പ്രതാപശാലിയും അക്ഷോഭ്യചിത്തനും നയകോവിദനുമായിരുന്നു. എട്ടാം ക്ലമൻറു പാപ്പായുടെ (1592–1605) രണ്ടു തിരുവെഴുത്തുകളും മലങ്കര സഭയെ തനിക്കു കീഴ്പെടുത്തിക്കഴിഞ്ഞുവെന്നു തീരുമാനിച്ചുകൊണ്ട് അദ്ദേഹം മലങ്കരയുള്ള പള്ളികളേയും ജനങ്ങളേയും സന്ദർശിക്കാൻ പുറപ്പെട്ടു". (Ibid. p-44, 45).

www.malankaralibrary.com

3. അനധികൃത കൈയേറ്റം.

ബാബേൽ പാത്രിയർക്കീസിനു മലങ്കരസഭയുടെ മേലുണ്ടായിരുന്ന പുരാതനവും അംഗീകൃതവുമായ അധികാരാവകാശങ്ങളെ മെനെസിസ് തൃണവൽഗണിച്ചു. ഒരു വൈദികാധ്യക്ഷൻ വേറൊരു വൈദികാധ്യക്ഷന്റെ അധികാരാതിർത്തിയിൽ ഇപ്രകാരം സാഹസികമായി കൈകടത്തുന്നതു കത്തോലിക്കാസഭയുടെ ചരിത്രത്തിൽ അസാധാരണവും അധിക്ഷേപാർഹവുമായ ഒരു സംഭവമാണ്. അങ്കമാലി മെത്രാപ്പോലീത്ത മരിച്ചശേഷം ആ വൈദികാദ്ധ്യക്ഷന്റെ അനന്തരീയനായി ഒരാളെ നിയമിക്കുന്നതിനുള്ള അധികാരവും അവകാശവും ബാബേൽ പാത്രിയർക്കീസിനുള്ളതായിരുന്നു. ഭാരതസഭയുടെമേൽ പാത്രിയർക്കീസിനും അദ്ദേഹം നിയമിക്കുന്ന മെത്രാന്മാർക്കുമുള്ള അധികാരപ്രയോഗത്തെ നിർഭരമായി പരിരക്ഷിക്കണമെന്നു നാലാം പീയൂസ് മുതലായ മാർപ്പാപ്പമാർ ആജ്ഞാപിച്ചിട്ടുണ്ട്. ഇതൊക്കെ ആരു വകവെക്കാനാണ്? ഗോവാ മെത്രാപ്പോലീത്താ അങ്കമാലി രൂപതയിൽ പ്രവേശിച്ചു അധികാരം നടത്തി....ഇതിൽപ്പരം അനധികൃതമായ ഒരു ആക്രമണം ഊഹിക്കാൻപോലും കഴിയുന്നില്ല. അർക്കദിയാക്കോനെറയും മറ്റും അപേക്ഷയനുസരിച്ചു ബാബേൽ പാത്രിയാർക്കീസ് കേരളസഭാ ഭരണത്തിനായി ഒരു മെത്രാനെ അയയ്ക്കയുണ്ടായിയെന്നും ആ മെത്രാനും അദ്ദേഹത്തിന്റെ അനുയാത്രികനായ വൈദികനും ഓർമസ്സിൽ വെച്ചു പോർട്ടുഗീസു കിങ്കരന്മാരിൽ നിന്നു മാർഗ്ഗതടസ്സം അനുഭവിച്ചു സ്വരാജ്യത്തേക്കു മടങ്ങിപ്പോകേണ്ടിവന്നുവെന്നും അറിയുമ്പോഴാണ് ഗോവാ മെത്രാപ്പോലീത്തായുടെ സ്വേഛാധിപത്യത്തിന്റെ മൂർച്ച ശരിയായി മനസ്സിലാകുന്നത്. '' (Ibid P-45).

4. ഉദയംപേരൂർ സൂനഹദോസ്

കത്തോലിക്കാ സഭയുടെ അംഗങ്ങളായി കഴിഞ്ഞിരുന്ന ഒരു ജനസമുദായത്തെ, ആ സഭയിലേക്കു അടിച്ചുകയറ്റാൻ മെനെസിസ് മെത്രാപ്പോലീത്ത 16-ാം നൂറ്റാ

www.malankaralibrary.com

ണ്ടിൽ വെട്ടിത്തുറന്ന കവാടമോ കൂട്ടിയിണക്കിയ കോണിപ്പടിയോ ആയി ഈ സൂനഹദോസിനെ ചരിത്രകാരന്മാർക്കു ഉൽപ്രേക്ഷിക്കുവാൻ കഴിയും. പരമാർത്ഥത്തിൽ അത് മെനെസിസിന്റെ അധികാരപ്രവണതയ്ക്കും പരാഭിപ്രായ അസഹിഷ്ണുതയ്ക്കും സ്മാരകമായി എന്നും നിലനിൽക്കുകതന്നെ ചെയ്യും. മലങ്കരസഭാംഗങ്ങൾക്കും അവരുടെ ആത്മീയാധികാരികൾക്കും മനോവേദനയും മാനഹാനിയും ഉളവാക്കുന്ന പല സംഗതികളും ലത്തീൻ മിഷനറിമാർ അതുവരെ നടത്തിയിരുന്നുവെന്ന വാസ്തവം ആലോചിക്കുമ്പോൾ ഉദയംപേരൂർ സൂനഹദോസ് ആ വക അപകാരസ്മൃതിയുടെ ഉച്ചിയിൽ മെനെസിസ് ചാർത്തിയ വിജയധ്വജമായിരുന്നുവെന്നുമാത്രം കരുതിയാൽ മതി'' (Ibid P-46)

5. മാർ അഹത്തുള്ളായുടെ ആഗമനം

''കേരള നസ്രാണി സമുദായം സ്വന്തമായുണ്ടാക്കിയ ഒരു കൽദായ മെത്രാനെ ലഭിക്കുവാൻ അത്യധ്വാനം ചെയ്തതിന്റെ ഫലമായി മൈലാപ്പൂർവരെയെത്തിയ അഹത്തുള്ളാ മെത്രാപ്പോലീത്താ സഞ്ചാരസ്വാതന്ത്ര്യമില്ലാതെ അവിടെ കഴിയുകയിൽ ആയിരുന്നു മാർത്തോമ്മാശ്ലീഹായുടെ ശവകുടീരത്തിങ്കൽ തീർത്ഥാടകരായി കേരളത്തിൽനിന്നും ആ നഗരത്തിൽ ചെന്നുചേർന്ന രണ്ടു ശെമ്മാശ്ശന്മാർ അഹത്തുള്ളായെ കാണുന്നതിനും അദ്ദേഹം അവർ വശം കേരള നസ്രാണി സമുദായത്തെ അഭിസംബോധനം ചെയ്തു ഒരു കത്തയയ്ക്കുന്നതിനും ഇടയായത്....കുറവിലങ്ങാട്ടു കിഴക്കേടത്തു കുര്യൻ ശെമ്മാശ്ശനും ചെങ്ങന്നൂർ ചെങ്കയിൽ ഇട്ടിശെമ്മാശ്ശനുമായിരുന്നു ആ തീർത്ഥാടകർ. (കുറവിലങ്ങാട്ടു മർത്തമറിയം പള്ളിയും കേരള നസ്രാണികളും P. 255)

6. തീക്ഷ്ണ അധാർമ്മികത മാർ അഹത്തുള്ളായ്ക്കു എതിരെ

''ബാബേൽ സിംഹാസനത്തിലേ മൂന്നാം ശിമയോൻ പാത്രിയാർക്കീസ്, കേരളത്തിലേക്കു അയച്ച അഹത്തുള്ള

www.malankaralibrary.com

മെത്രാനെതിരായി നടത്തിയ അധർമ്മ പ്രവൃത്തികളും സർവ്വ വിധേനയും ആക്ഷേപാർഹങ്ങളായിരുന്നു. ആ പ്രവർത്തനങ്ങളുടെ ഫലമായി സുറിയാനി സമുദായാംഗങ്ങളിൽ ഒരു വിഭാഗം കത്തോലിക്കാ സഭയിൽ നിന്നു പിന്മാറേണ്ടി വന്നത് പ്രത്യേകം ചിന്താർഹമാണ്.

അഹത്തുള്ളായെ നാട്ടിൽനിന്നും ബഹിഷ്കരിച്ചത് നസ്രാണി സമുദായങ്ങൾക്കു പോർട്ടുഗീസ് അധികാരികളോടും ഗാർസ്യ മെത്രാപ്പോലീത്തായോടും ഉണ്ടായിരുന്ന പ്രാതികൂല്യം പൂർവ്വാധികം വർദ്ധിപ്പിച്ചു. തങ്ങൾക്കു സ്വന്തജാതിയിലും റീത്തിലുമുള്ള ഒരു മെത്രാൻ അത്യന്താപേക്ഷിതമായിരുന്നതുകൊണ്ടും ബാബേലിൽ നിന്നോ മറ്റു കേന്ദ്രങ്ങളിൽ നിന്നോ വരുന്ന മെത്രാന്മാരെ പറങ്കികൾ കേരളത്തിൽ പ്രവേശിക്കാൻ അനുവദിക്കാതിരുന്നതുമൂലവും അർക്കദിയാക്കോനെ മെത്രാനായി വാഴിക്കണമെന്ന് ചില നസ്രാണി നേതാക്കന്മാർ അഭിപ്രായപ്പെട്ടു. എങ്ങനെ വാഴിക്കും? ആരു വാഴിക്കും? എന്ന ചോദ്യങ്ങൾ അങ്ങിങ്ങായി മുഴങ്ങി." (Ibid p-260).

7 കൂനൻകുരിശു സത്യം.

1653 മകരം 3-ാം തീയതിയാണ് മട്ടാഞ്ചേരിയിലെ കൂനൻ കുരിശിൽ കയർകെട്ടി നസ്രാണികൾ സത്യം ചെയ്തത്. "ഈ പറങ്കിക്കൂട്ടത്തോടു വംശത്തിലും ജാതിയിലും പേച്ചിലും പരിഷമര്യാദയിലും വേർതിരിയപ്പെട്ടവരായ നമുക്ക് നമ്മുടെ സന്തതികാലത്തിലും സ്നേഹവും ഒരുമ്പാടും ഉണ്ടാകുകയില്ല." (Ibid P-186,254).

D കൂനൻകുരിശിനു ശേഷമുണ്ടായതെല്ലാം

1 പന്ത്രണ്ടു പട്ടക്കാർ ചേർന്നുള്ള മെത്രാൻ വാഴ്ച

"വീണ്ടും ഇടവമാസം 24-ാം തീയതി ത്രീത്വത്തിന്റെ തിരുനാൾ ദിവസം പ്രധാനികളെല്ലാം ആലങ്ങാട്ടു പള്ളിയിലെത്തി വേറെ നിർവ്വാഹമില്ലാത്തതിനാൽ അവുദലഹായുടെ അധികാരപ്രകാരം പന്ത്രണ്ടു പട്ടക്കാർകൂടി ക്രമങ്ങൾ നടത്തി തോമ്മാ അർക്കദിയാക്കോനെ മുടിവെച്ചു മെത്രാ

www.malankaralibrary.com

നായി വാഴിച്ചശേഷം പള്ളികളുടെയും ജനങ്ങളുടെയും കാര്യവിചാരക്കാരായി കുറവിലങ്ങാട്ടു പള്ളിവീട്ടിൽ ചാണ്ടിയച്ചനെയും കടുത്തുരുത്തിൽ കടവിൽ ചാണ്ടിഅച്ചനേയും അങ്കമാലി വെങ്ങല്ലൂർ ഗീവർഗീസച്ചനെയും കല്ലിശ്ശേരി ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തോമ്മാച്ചനേയും മുവേണ്ടേക്കും അതിന്റെ ശേഷം വേറെ നാലുപേരും വേണ്ടതായ എഴുത്തുകുത്തു വേലകൾക്കു ദിയെസ എന്ന കുപ്പായക്കാരൻ കത്തനാരച്ചനെയും നിശ്ചയിച്ചു.'' (Ibid p. 148, 261)

2 കാളപെറ്റു, കയറെടുത്തു

മെത്രാൻ സ്ഥാനലബ്ധിക്കു ഉപോൽബലകമായി ഇട്ടിത്തൊമ്മൻ കത്തനാർ ഒരു വാർത്ത പ്രചരിപ്പിച്ചു. മാർ അഹത്തുള്ളായുടെ ഒരു സന്ദേശവൃത്താന്തമായിരുന്നു അത്. ''കേരളത്തിൽ വരാൻ തനിക്കു സാധിക്കാത്ത പക്ഷം പന്ത്രണ്ടു പട്ടക്കാർകൂടി തോമാ അർക്കദിയാക്കോനെ മെത്രാനായി വാഴിക്കണ''മെന്ന് ഉപദേശിക്കുന്നതായി സന്ദേശത്തിലുണ്ടെന്നേത്രേ പ്രചരിപ്പിച്ചത്.(Ref. Ibid P. 260)

3 നുണപ്പുറത്തുള്ള പണി.

'' ഒരു മെത്രാന്റെ കൈവെപ്പും സഹകരണവും കൂടാതെ പുതിയ ഒരു മെത്രാനെ വാഴിക്കാമെന്ന് കേരള നസ്രാണികൾ മുമ്പൊരിക്കലും കേട്ടിരുന്നില്ല. വെറും കത്തനാരന്മാരുടെ കൈവെപ്പോടുകൂടി ഒരു മെത്രാനെ വാഴിക്കുന്നത് സഭാനടപടികൾക്കു അനുസൃതവും സുസമ്മതവും ആണെന്നുള്ള ധാരണ കേരള നസ്രാണികൾക്കുണ്ടായിരുന്നുവെങ്കിൽ മുമ്പു പലപ്പോഴും സംഭവിച്ചിരുന്നതുപോലെ പല സംവത്സരങ്ങൾ തുടരെ മെത്രാനില്ലാതെ കഴിയേണ്ടിവന്ന ദുരവസ്ഥ അവർക്കു നേരിടുമായിരുന്നില്ല. പക്ഷേ, രോഷാകുലരും അസ്വസ്ഥ ചിത്തരുമായ ഒരു ജനതയോ അവരുടെ നേതാക്കന്മാരോ ഈവക ന്യായാന്യായങ്ങളെപ്പറ്റി നിർദ്ദാക്ഷിണ്യ ബുദ്ധ്യാ ചിന്തിച്ചെന്നു വരികയില്ല.'' (Ibid p 260, 261)

www.malankaralibrary.cm

4 മുഖംമൂടി മാറുമ്പോൾ

''മൈലാപ്പൂരിൽ നിന്നു 1652 ആഗസ്റ്റു 22–ാം തീയതി മാർ അഹത്തുള്ളാ അയച്ച സുറിയാനിക്കത്തിന്റെ ലത്തീൻ പരിഭാഷ കർദ്ദിനാൾ തിസരാങ് റോമായിലെ പ്രൊപ്പഗാന്ത തിരുസംഘം വക പുരാതന രേഖാശേഖരത്തിൽ നിന്നെടുത്ത് Eastern Christianity in India എന്ന അദ്ദേഹത്തിന്റെ സുപ്രസിദ്ധ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്..... ഈ എഴുത്തിൽ പന്ത്രണ്ടു പട്ടക്കാരുടെ കൈവെപ്പോടുകൂടി അർക്കദിയാക്കോന്റെ നാടകീയമായ മെത്രാൻ വാഴ്ചയെപ്പറ്റി യാതൊരു സൂചനയുമില്ല.'' (Ibid P-263, 264, 265)

5 ''ആ കുറവിലങ്ങാട്ടുകാരനു തെറ്റുപറ്റി''

–എന്നു ഒന്നാം മാർത്തോമ്മായെക്കുറിച്ചു പറയുവാൻ ചരിത്ര ഗവേഷകനായ ശ്രീ ജോർജിനു മടിയില്ല. അദ്ദേഹം രേഖപ്പെടുത്തുന്നു. ''ശ്രദ്ധാപൂർവ്വമായും അതിസൂക്ഷ്മതയോടെയും ദീർഘനാൾ ചിന്തിച്ചിട്ടും അദ്ദേഹത്തിന്, മാർത്തോമ്മാ അർക്കദിയാക്കോനു, ചരിത്രകാരന്മാർ ഒന്നാം മാർത്തോമ്മാ മെത്രാൻ എന്നു കീർത്തിക്കുന്ന ആ വൈദികസ്ഥാനിയ്ക്കു തെറ്റു പറ്റിയെന്നാണ് ആവർത്തിച്ചു ആവർത്തിച്ചു എനിക്കു പ്രസ്താവിക്കുവാനുള്ളത്....മെത്രാനാകാൻ ഒരാൾ ആഗ്രഹിക്കുന്നതിൽ പാപമില്ലെന്നു വന്നാലും ഒരു സാധാരണ പട്ടക്കാരൻ ഏതാനും അനുയായികളുടെയും പാർശ്വവർത്തികളുടെയും ആനുകൂല്യവും അംഗീകാരവും കൊണ്ടുമാത്രം അവർ എത്ര സ്വാധീനശക്തിയുള്ള പട്ടക്കാരും അല്മായ പ്രധാനന്മാരുമായിരുന്നാലും മെത്രാനാകുക ക്രൈസ്തവസഭാചരിത്രത്തിലെ അഭൂതപൂർവ്വ സംഭവങ്ങളിൽപ്പെടുന്നു. ഈ ചിന്ത അർക്കദിയാക്കോനെ മെത്രാനാകുവാനുള്ള ഉദ്യമത്തിൽനിന്നു നിവർത്തിപ്പിച്ചില്ല'' (കതിരും കറയും (P. 96, 100)

www.malankaralibrary.com

6 പളളിവീട്ടിൽ ചാണ്ടി അച്ചനും തോമാമെത്രാനും

കൂനൻ കുരിശു സത്യത്തിൽ ഈ ഇരുസഹോദരരും ഒരുമിച്ചുനിന്നു. പാദ്രുവാദോ മേധാവികളുടെ ലത്തീനീ കരണ പ്രസ്ഥാനത്തെ രണ്ടുപേരും ചെറുത്തു. അർക്കദിയാക്കോൻ മെത്രാന്റെ കാര്യവിചാരിപ്പുകാരായി ആലങ്ങാടു സമ്മേളനം തിരഞ്ഞെടുത്ത നാലുപേരിൽ ഒരാൾ ചാണ്ടി കത്തനാർ ആയിരുന്നു. മാർത്തോമ്മാ മെത്രാനോ സഹപ്രവർത്തകരോ പുതിയ വിശ്വാസസത്യമോ മതാചാരമോ സ്വീകരിച്ചുമില്ല. എങ്കിലും ചാണ്ടിക്കത്തനാർ അസ്വസ്ഥചിത്തനായി. ബാബേലിൽ നിന്നൊരു സുറിയാനി മെത്രാനെ കിട്ടണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ഈ മനസ്ഥിതി തന്നെയാണ് കടുത്തുരുത്തി ഇടവക കടവിൽ ചാണ്ടിക്കത്തനാർക്കും ഉണ്ടായിരുന്നത്. (Ref. കുറവിലങ്ങാട്ടു മർത്തമറിയം പളളിയും കേരള നസ്രാണികളും P. 148, 149)

7 കളളക്കളി

മെത്രാൻ വേഷം കെട്ടൽ തികച്ചും കളളക്കളിയാണ്; മേൽപ്പട്ടസ്ഥാനം കൂടാതെ ആ സ്ഥാനത്തിനടുത്ത അനുഷ്ഠാനം അനുചിതവും–അർക്കദിയാക്കോനും കൂട്ടർക്കും ഇതെല്ലാമറിയാമായിരുന്നു. കൈവെപ്പു സാധുവാക്കാൻ സർവ്വാത്മനാ സന്നദ്ധതയുണ്ട്. എന്നാൽ മെത്രാനർഹമായ അനുഷ്ഠാനങ്ങളിൽ നിന്നു വിരമിക്കുവാൻ അദ്ദേഹം മനസ്സുകാട്ടിയില്ല. അതു തുടർന്നെങ്കിലേ സാക്ഷാൽ മെത്രാൻസ്ഥാനം ലഭിക്കുകയുള്ളൂ എന്നത്രേ അദ്ദേഹം കരുതിയത്. അദ്ദേഹം വൈദികപട്ടം നൽകി; വിശുദ്ധ തൈലം കൂദാശ ചെയ്തു. (Ref. Ibid P. 175, 177)

8 കൂറുമാറ്റം തുടർന്നു

അർക്കദിയാക്കോന്റെ മെത്രാനടുത്ത അനുഷ്ഠാനങ്ങൾ പുണ്യവസ്തു ദൂഷണമെന്നു മനസിലാക്കിയവരുണ്ട്; അതിൽ സഹതപിച്ചവരും അനവധി; ഉറവർപോലും

www.malankaralibrary.com

അക്കൂട്ടത്തിലുണ്ടായിരുന്നു. അവരെല്ലാം ലത്തീൻ ഭരണാധികാരിയുടെ കീഴിലേക്കുതന്നെ മാറിപ്പോയി. ''ഏതെല്ലാം ദുഃഖദുരിതങ്ങളും സഹിക്കേണ്ടി വന്നാലും കത്തോലിക്കാ സഭയിൽനിന്നു ഭിന്നിച്ചു നിൽക്കുന്നതു ശരിയല്ലെന്നു വിചാരിച്ചു ധാരാളംപേർ അനുദിനമെന്നോണം പഴയകൂറിലേക്കു തിരിച്ചു ചെന്നിരുന്നു'' (Ibid P. 150).

9) അടിയിളകി എന്നിട്ടും അധികാരഭ്രമം

1633 ഫെബ്രുവരി 2-ാം തീയതി പള്ളിവീട്ടിൽ ചാണ്ടിക്കത്തനാർ മെത്രാഭിഷിക്തനായി. സുറിയാനിക്കാരുടെ ചിരകാല സ്വപ്നം അതോടെ പൂവണിഞ്ഞു. ''മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടതിനെ തുടർന്ന് അദ്ദേഹവും തോമ്മാ അർക്കദിയാക്കോനും തമ്മിൽ അനുരഞ്ജനം സംബന്ധിച്ചു വീണ്ടും ആലോചനകൾ നടന്നു, സഹോദരന്മാരായിരുന്നിട്ടും പറയത്തക്ക ഫലമുണ്ടായില്ല. തന്മൂലം, ഇരു വിഭാഗത്തിലും ധാരാളം ആളുകൾ അസംതൃപ്തരും സന്താപനിമഗ്നരും ആയിക്കഴിഞ്ഞു'' (Ibid. P. 216).

10) തുടരുന്ന കിടമത്സരം

അന്നുണ്ടായിരുന്ന 72 സുറിയാനി പ്പള്ളികളിൽ വലിയ ഭാഗം അർക്കദിയാക്കോൻ മെത്രാന്റെ വശത്തായിരുന്നു. പല പള്ളികളിലെ ഇടവകക്കാർ മുഴുവനായും ചില പള്ളികളിലെ ഇടവകക്കാർ ഭാഗികമായും ചാണ്ടി മെത്രാന്റെ അധികാരത്തിനു വിധേയരായി (Ref Ibid P.218). അർക്കദിയാക്കോൻ മെത്രാനും ചാണ്ടിമെത്രാനും ഒന്നുപോലെ പാദ്രുവാദോ ഭരണത്തെ എതിർത്തവരാണ്. രണ്ടുപേരുടെയും പിന്നിൽ സുറിയാനി സമൂഹം നിരന്നു, ഒരു കൂട്ടർ പുത്തൻകൂർ; അപരർ പഴയകൂർ.

E ഒത്തൊരുത്തു പിരിയലിലേക്ക്

1) ഒരേ വിശ്വാസമുള്ള ഇരു 'കൂറു'കാർ

''ഈ ഇരുവിഭാഗങ്ങളും തമ്മിൽ മതവിശ്വാസപരമായി യാതൊരു അന്തരവുമില്ലായിരുന്നു. ഇരുകൂട്ടരും റോ

www.malankaralibrary.cm

മായിലെ മാർപ്പാപ്പായെ അഖിലലോക ക്രൈസ്തവസഭ യുടെ ഭരണാധ്യക്ഷനായി അംഗീകരിക്കുകയും ചെയ്തു'' (Ibid P. 227).

2) മാർ ഗ്രീഗോറിയോസിന്റെ വരവ്

1665-ൽ മാർ ഗ്രീഗോറിയോസ് കേരളത്തിലെത്തി. റോമയിൽനിന്നു അയയ്ക്കപ്പെട്ട ആളാണെന്നും മാർപ്പാപ്പ യിൽ നിന്നുള്ള അധികാരപത്രങ്ങൾ ഉടൻതന്നെ പറവൂരിൽ വെച്ചു വായിക്കപ്പെടുമെന്നും അദ്ദേഹത്തെക്കുറിച്ചു അർ ക്കദിയാക്കോനും കൂട്ടരും പ്രചരിപ്പിച്ചു (Ref Ibid P.224, 22).

3) വ്യാജപ്രചാരണം നൽകുന്ന പാഠം

മാർപ്പാപ്പായെ സ്വീകരിക്കുന്ന സമൂഹമായിരുന്നു അന്നത്തേത്. ''തന്നിമിത്തമായിരുന്നു മാർ ഗ്രീഗോറിയോ സ് റോമായിൽ നിന്നു അയക്കപ്പെട്ടവനെന്നും മാർ ഗ്രീഗോ റിയോസിന്റെ നിയമനം സംബന്ധിച്ചു മാർപ്പാപ്പയുടെ കല്പനകളും പിന്നീടു വായിക്കപ്പെടുമെന്നും'' അർക്കദിയാ ക്കോൻ പ്രചരിപ്പിച്ചത് (Ibid. P. 227).

4) സഭാമാറ്റത്തിനു തുടക്കമിടുന്നു

പുത്തൻകൂർകാർക്കിടയിൽ മതവിശ്വാസപരങ്ങളായ ആശയവ്യത്യാസങ്ങൾക്കു ആരംഭമിട്ടതു മാർ ഗ്രീഗോറിയോ സായിരുന്നു. ''1665-ാം കാലം മദ്രാസിൽനിന്നും മാർ ഗ്രീഗോറിയോസ് എന്ന യാക്കോബായ ഇടത്തൂട്ടുകാരൻ വന്നു. യാക്കോബായ ഇടത്തൂട്ടും സുറിയാനി പേച്ചും തോമാ അർക്കദിയാക്കോനച്ചനും പള്ളിക്കാരും എടുപ്പാൻ തുടങ്ങിയ കാലം മുതൽ അവർ പുത്തൻകൂറുകാരെന്നും ശത്രുക്കളുടെ ഉപദ്രവത്താൽ പൊയ്പോയതു നീക്കി കൽ ദായക്രമവും പട്ടക്കാരുടെ കാനോന നമസ്ക്കാരവും മറ്റും ചിലതും മാത്രം കളയാതെ പൂർവ്വം മുതൽ ഒരുവരാലും കളയാത്ത ഇടത്തൂട്ടല്ലാത്ത കത്തോലിക്കാ വിശ്വാസികളായ നമുക്ക് പഴയകൂറുകാരെന്നും ന്യായമായി പേരുണ്ടായി'' (Ibid. P. 227).

www.malankaralibrary.com

5) മാർ ഗ്രീഗോറിയോസിന്റെ നവീനോപദേശങ്ങൾ

സാധുവായ കൈവപ്പു ലഭിക്കാൻ നിവൃത്തിയില്ലാതെ അർക്കദിയാക്കോൻ കുഴങ്ങി: ബാബേൽ, അന്ത്യോക്യാ, അല കസാന്തിയാ എന്നീ പാത്രിയർക്കീസന്മാരുമായി എഴുത്തു കുത്തുകളും നടത്തി. മാർ ഗ്രീഗോറിയോസ് എന്ന മെത്രാനെ അന്ത്യോക്യായിലെ യാക്കോബായ പാത്രിയർക്കീസ് കേരള ത്തിലേക്കയച്ചു. പലപുതിയ ഉപദേശങ്ങളും അദ്ദേഹം നൽ കി. മാർപ്പാപ്പാ നെസ്തോറിയസിനെപ്പോലെപാഷണ്ഡിയാ ണ്; അന്ത്യോക്യാസഭയോണ് ലോകത്തിന്റെ ശിരസും മാതാ വും; മിശിഹായിൽ ഒരു സ്വഭാവമേയുള്ളൂ; പരിശുദ്ധാരൂ പി പിതാവിൽനിന്നു മാത്രമാണ് പുറപ്പെടുന്നത്; ശുദ്ധീ കരണസ്ഥലമില്ല; പുളിച്ച അപ്പം ഉപയോഗിച്ചാൽ മാത്രമേ കുർബാന സാധുവാകയുള്ളൂ (Ref. Ibid P. 229). മാർ ഗ്രീഗോറിയോസ് വന്നിരുന്നില്ലെങ്കിൽ പുത്തൻകൂർ കാർക്കിടയിൽ ഈ ആശയങ്ങൾ ഉണ്ടാകുമായിരുന്നില്ല.

F. അനുരഞ്ജന ശ്രമങ്ങൾ

1) അർക്കദിയാക്കോനോടു അഭ്യർത്ഥന

പള്ളിവീട്ടിൽ ചാണ്ടിക്കത്തനാർ അർക്കദിയാക്കോൻ മെത്രാനു ഒരു സന്ദേശമയച്ചു. അഭ്യുദയകാംക്ഷി എന്ന നിലയിൽ സ്നേഹപൂർവ്വകമായ കത്ത്. സമുദായത്തിലെ പിളർപ്പു അവസാനിപ്പിക്കണം; അർക്കദിയാക്കോനു അർഹ മായ സ്ഥാനവും സമുന്നതിയും ലഭിക്കണം; അതിനു വേണ്ടി കർമ്മലീത്താ പാദ്രിമാരുമായി സഹകരിക്കയാണു വേണ്ടത്. ഇതായിരുന്നു അഭ്യർത്ഥനയുടെ സാരം. സന്ദേശം അർക്കദിയാക്കോൻ അവഗണിച്ചില്ല. കൈവപ്പു സാധു വാക്കുമെങ്കിൽ നിർദ്ദേശം സ്വീകരിക്കാൻ അദ്ദേഹം ഒരുക്ക മായി. ചാണ്ടിയച്ചൻ വീണ്ടുമെഴുതി: ''ബലം കൊണ്ടും നിയമാനുസൃതമല്ലാത്ത മാർഗ്ഗത്തിലൂടെയുമല്ല മെത്രാനാ കേണ്ടത്; ഉണ്ടായ തെറ്റുകളെപ്പറ്റി മനസ്തപിക്കുകയും പാദ്രിമാരുമായി സഹകരിക്കുകയും ചെയ്യുക; എങ്കിൽ നിയമസിദ്ധമായ അർക്കദിയാക്കോൻ സ്ഥാനം അംഗീക

www.malankaralibrary.com

രിക്കപ്പെടും; മെത്രാൻ സ്ഥാനം തന്നെ ലഭിക്കാൻ ഇടവരും". കത്ത് അർക്കദിയാക്കോനെ ഈർഷ്യാകുലനാക്കി. പാദ്രിമാരെ ഭർത്സിച്ചുകൊണ്ട് അദ്ദേഹം എല്ലാ പള്ളികളിലേക്കും പരസ്യലേഖനമയച്ചു (Ref. Ibid P. 170,171).

2) ഇരുവിഭാഗങ്ങളും സന്താപകലുഷിതർ

അനുരഞ്ജനാലോചനകൾ നടന്നു. "പക്ഷേ, പറയത്തക്ക ഫലമുണ്ടായില്ല. തന്മൂലം പുത്തൻകൂർ പഴയകൂർ എന്നീ ഇരുവിഭാഗങ്ങളിലും ധാരാളമാളുകൾ അസംതൃപ്തരും സന്താപകലുഷിതരുമായിക്കഴിഞ്ഞു.
(Ibid P. 216).

3) പിളർപ്പു ശാശ്വതീകരിക്കാൻ കാരണമില്ല

"പിളർപ്പു ശാശ്വതീകരിക്കാൻ മതിയായ കാരണങ്ങളില്ലെന്ന് ധരിച്ചിരുന്ന ധാരാളം സമുദായ പ്രമാണികൾ ചാണ്ടിമെത്രാന്റെ ഭരണകാലത്ത് കേരള നസ്രാണികളുടെ ഇടയിലുണ്ടായിരുന്നു" (Ibid P. 218).

4) അയവില്ലാത്ത നിർബന്ധബുദ്ധി

ചാണ്ടി മെത്രാൻ വളരെപ്പേരെ പുനരൈക്യപ്പെടുത്തി. "അർക്കദിയാക്കോന്റെ ജ്യേഷ്ഠസഹോദരൻ ഒരു കത്തനാരും ഇളയ സഹോദരനായ ഒരല്മായനും ചാണ്ടി മെത്രാനധീനരായി. ഇതൊന്നും അർക്കദിയാക്കോന്റെ നിർബന്ധബുദ്ധിക്കു അറുതിവരുത്താൻ സഹായിച്ചില്ല.
(Ibid P. 219).

5) അനുരഞ്ജനത്തിനുവേണ്ടിയുള്ള വേദന

"അർക്കദിയാക്കോൻ ശീശ്മ ഉപേക്ഷിച്ചു സമുദായ നേതൃത്വം വഹിക്കണമെന്നായിരുന്നു ചാണ്ടിമെത്രാന്റെ ആഗ്രഹം ..... അദ്ദേഹവും വികാരി ജനറാൾ കടവിൽ ചാണ്ടിക്കത്തനാരും സുറിയാനി സമുദായ പുനരൈക്യം കാംക്ഷിച്ചിരുന്നതിനാൽ രഞ്ജനാലോചനകൾ തുടരുന്ന കാര്യത്തിൽ ദത്തശ്രദ്ധരായിരുന്നു" (Ibid P. 219, 220).

6) കരിയാറ്റിൽ മൽപ്പാന്റെ ശ്രമം

പുത്തൻകൂർ പഴയകൂർ പുനരൈക്യത്തിനുവേണ്ടി

www.malankaralibrary.com

കരിയാറി മൽപ്പാൻ ചെയ്തിട്ടുള്ള ധീരസാഹസശ്രമങ്ങൾ അതീവ ഹൃദയസ്പൃക്കാണ് (Ref. Ibid P. 327—343)

7) ജാതൈക്യ പ്രസ്ഥാനം

നസ്രാണി ജാതൈക്യ പ്രസ്ഥാനത്തിലൂടെ നടത്തിയിട്ടുള്ള അനുരഞ്ജന പ്രവർത്തനങ്ങളുടെ വിവരണം നിധിയിരിമാണിക്കത്തനാർ എന്ന പുസ്തകത്തിന്റെ 26, 28, 29 32, 33, 34, 36, 38, 39, 41 എന്നീ അധ്യായങ്ങളിൽ വിസ്തരിച്ചിട്ടുണ്ട്.

G. അനുരഞ്ജന ദൗത്യപ്രവർത്തനങ്ങൾ

1) പറങ്കികളുടെ കടുംപിടുത്തം

a. ഗാർസ്യ മെത്രാപ്പോലീത്തായുടെ വിമുഖത

"പുത്തൻകൂർ വിഭാഗം രൂപമെടുക്കുവാൻ ഉണ്ടായ കാരണങ്ങളെ ഇല്ലാതാക്കുന്നതിനും സമുദായത്തിലെ പിളർപ്പ് അവസാനിപ്പിക്കുന്നതിനും ഗാർസ്യാ മെത്രാപ്പോലീത്താ വിരലനക്കുകപോലും ചെയ്തില്ല" (കുറവിലങ്ങാടു മർത്ത മറിയം പള്ളിയും കേരള നസ്രാണികളും P. 149).

b. കർമ്മലീത്താ പാതിരിമാരുടെ നിസ്സഹകരണം

"അർക്കദിയാക്കോനും ചാണ്ടിമെത്രാനും തമ്മിൽ നടന്ന രഞ്ജകാലോചനകളും കർമ്മലീത്താ പാദ്രിമാർക്ക് തൃപ്തികരമല്ലായിരുന്നു. പുകഞ്ഞ കൊള്ളി പുറത്ത് എന്ന നിലയിലത്രേ അവർ അർക്കദിയാക്കോനെ വീക്ഷിച്ചത്" (Ibid P. 220).

c. ഒരു പാദ്രിയുടെ ആത്മസംതൃപ്തി

അർക്കദിയാക്കോനും ചാണ്ടിമെത്രാനും തമ്മിൽ നടന്ന പുനരൈക്യാലോചനകളെ സംബന്ധിച്ചു മത്തേവൂസ് പാദ്രി റോമിലേക്കയച്ച ഒരു എഴുത്തിൽ ഈ വിധം പ്രസ്താവിച്ചു. "അർക്കദിയാക്കോനെ മെത്രാനായി വാഴിക്കുന്നതിനും ദോം അലക്സാണ്ടർ തത്പരനായിരിക്കുകയാണ്. ഇതുവരെ ഏതായാലും അദ്ദേഹത്തെ നിരോധിക്കുവാൻ എനിക്കു സാധിച്ചു" (ibid P. 220).

www.malankaralibrary.com

d. അധികാരികളുടെ അവഗണന

ആറാം മാർത്തോമ്മായുടെ പുനരൈക്യശ്രമങ്ങളെപ്പറ്റി പറയുമ്പോൾ ഷെവ. ഐ. സി. ചാക്കോ പ്രസ്താവിക്കുന്നു: "എന്നാൽ, ഇദ്ദേഹത്തിന്റെ പുനരൈക്യം കൊടുങ്ങല്ലൂരിലേയും വരാപ്പുഴയിലേയും അധികാരികൾക്കു രുചികരമായിരുന്നില്ല. എന്നാൽ മാർ ഈവാനിയോസിന്റെയും മറ്റും അഭിലാഷം യഥാരൂപം റോമാസിംഹാസനത്തെ അറിയിച്ചു സത്യബോധം വരുത്തുന്നതിന് ആളുണ്ടായതുപോലെ മാർത്തോമ്മായുടെ അഭിലാഷം അറിയിക്കുന്നതിന് ആളില്ലായിരുന്നു" (Ibid P. 342, 343)

2 അർക്കദിയാക്കോന്റെ കുതന്ത്രങ്ങളും കള്ളത്തരവും

a) പച്ചനുണയ്ക്കു മൂന്നു ഉദാഹരണങ്ങൾ

i) പന്ത്രണ്ട് അച്ചന്മാർ കൂടി മെത്രാനെ വാഴിക്കുന്നതിനുള്ള അനുവാദം അഹത്തുള്ളായുടെ കത്തിലുണ്ടെന്ന ഇട്ടിത്തൊമ്മൻ കത്തനാരുടെ വ്യാജപ്രസ്താവത്തിനു അർക്കദിയാക്കോൻ കൂട്ടുനിന്നു. അഹത്തുള്ളായുടെ കത്തു പ്രസിദ്ധീകൃതമായിരിക്കെ നുണയുടെ നിജസ്ഥിതി ഇന്നു പ്രസ്പഷ്ടമാണല്ലോ (Ref Ibid P. 264, 265).

ii) കേരളത്തിൽ പ്രവർത്തനമാരംഭിച്ച കർമ്മലീത്താ പാദ്രിമാരെപ്പറ്റി അർക്കദിയാക്കോൻ പള്ളികളിലേക്കു പരസ്യ ലേഖനമെഴുതി.

"പാദ്രിമാർ കർമ്മലീത്താസഭാംഗങ്ങളോ മാർപ്പാപ്പയാൽ അയയ്ക്കപ്പെട്ടവരോ അല്ല. കർമ്മലീത്താ വേഷം ധരിച്ച ഇവർ ഈശോ സഭക്കാരാണ്. മാർപ്പാപ്പായുടെ തിരുവെഴുത്തുകൾ എന്നു പറയുന്ന രേഖകൾ ഗോവയിൽവെച്ചു കൃത്രിമമായി ഉണ്ടാക്കിയ കള്ളക്കത്തുകളാണ്. ഈ വിവരം താൻ കൊച്ചിയിൽനിന്നും ശ്രവിച്ചതത്രേ. ഇടപ്പള്ളിപ്പള്ളിയിലെ ഭണ്ഡാരം കുത്തിപ്പൊളിച്ചു, നേർച്ചപ്പണം മോഷ്ടിച്ചു രാത്രിയിൽ ഒളിച്ചോടിപ്പോന്നവരാണീ പാദ്രിമാർ". ഈ പരസ്യ ലേഖനം എഴുതിയ ഓല വായിക്കാതെ തീയിലിട്ടു ദഹിപ്പിച്ച ഇടവകക്കാരുണ്ട്. ഈ വ്യാജോക്തി പ്രചരിപ്പിക്കുന്നതുകൊണ്ടു ഗുണമുണ്ടായില്ലെന്നു കുറവിലങ്ങാട്ടു

www.malankaralibrary.cm

വികാരിയും മറ്റു അച്ചന്മാരും അർക്കദിയാക്കോനു് എഴുതി (Ref. Ibid P. 161, 162).

iii) 1665-ൽ കേരളത്തിലെത്തിയ മാർ ഗ്രീഗോറിയോസു് എന്ന യാക്കോബായ മെത്രാനെക്കുറിച്ചു അർക്കദിയാക്കോൻ പ്രചരിപ്പിച്ചു. ഗോവായിൽ നിന്നും, അയയ്ക്കപ്പെട്ട ആളെന്നും, മാർപ്പാപ്പായിൽ നിന്നുള്ള അധികാര പത്രങ്ങളും ഉടൻ തന്നെ പറവൂരിൽവെച്ചു വായിക്കപ്പെടുമെന്നും (Ref. Ibid P. 224, 225).

b. **അർക്കദിയാക്കോന്റെ കുതന്ത്രങ്ങൾ**

i) **പ്രീണിപ്പിക്കലും ഭീഷണിപ്പെടുത്തലും**

''ഒരു നാടുവാഴിയെ പ്രീണിപ്പിച്ചു അപരനെ ഭീഷണിപ്പെടുത്തുവാൻ കഴിഞ്ഞിരുന്ന അദ്ദേഹം വൈദികാധികാരികളോടുള്ള പെരുമാറ്റത്തിലും നയകോവിദനെന്നറിയപ്പെട്ടു'' (കതിരും കറയും P. 96).

ii) **അധികാര പ്രമത്തം**

''പുത്തൻകൂർ ശീശ്മ ഇവിടെ ആവിർഭവിച്ചതിനു പ്രധാന കാരണം മട്ടാഞ്ചേരിയിലെ കൂനൻകുരിശു സത്യമോ ആലങ്ങാട്ടേ മെത്രാൻപട്ടം കെട്ടലോ? മെത്രാൻപട്ടം കെട്ടൽ തന്നെ. കത്തോലിക്കാസഭയോടുള്ള ഐക്യവും വിധേയത്വവും ഉപേക്ഷിക്കാതെതന്നെ കൂനൻകുരിശുസത്യത്തിൽ ഒരു വിശ്വാസിക്കു് സഹകരിക്കാമായിരുന്നു. ഒരു പ്രത്യേക മിഷനറി സംഘത്തോടോ സന്ന്യാസസഭയോടോ വിപ്രതിപത്തി പ്രദർശിപ്പിക്കുന്നവർ സഹോദരബുദ്ധിക്കും പരസ്നേഹത്തിനും എതിരായി പാപം ചെയ്തുവെന്നു വന്നേക്കാം. എന്നാൽ, നാമമാത്രനായ ഒരു മെത്രാനു് കീഴ്പ്പെടുകയും ധർമ്മാദ്ധ്യക്ഷനായ ഒരു മെത്രാനെ ധിക്കരിക്കയും ചെയ്യുന്നതു് ഏതൊരാളെയും സഭാഗാത്രത്തിൽനിന്നു വേർപെടുത്തുന്ന ദുഷ്കൃത്യമാണു്'' (Ibid. P. 103).

iii) **ദുശ്ശാഠ്യം**

''അർക്കദിയാക്കോൻ പ്രകടിപ്പിച്ച വിയോജനാസക്തിയും അധികാരധിക്കാരവും മുന്നൂറുവത്സരങ്ങൾ കഴിഞ്ഞിട്ടും ഔദ്ധത്യത്തോടെ നിലകൊള്ളുന്നു'' (Ibid. P. 103)

www.malankaralibrary.com

അധികാരത്തിനുവേണ്ടി കുതന്ത്രങ്ങളും കാട്ടാതിരുന്നെങ്കിൽ പറമ്പിൽ ചാണ്ടിമെത്രാന്റെ സ്ഥാനത്ത് സുറിയാനി സമൂഹാദ്ധ്യക്ഷനായി അർക്കദിയാക്കോൻ അവരോധിക്കപ്പെടുമായിരുന്നു.

3 യാക്കോബായ ബന്ധം

മുങ്ങിച്ചാകാൻ തുടങ്ങുന്നവൻ വൈക്കോൽ തുരുമ്പും ആലംബമാക്കുമല്ലോ. യാക്കോബായ മെത്രാൻ മാർ ഗ്രീഗോറിയോസിന്റെ സഹായം അർക്കദിയാക്കോൻ തേടിയതു നിൽക്കക്കള്ളിയില്ലാതെ വന്നപ്പോഴാണ്. ആ ബന്ധം അനന്തരഗാമികളും തളിർക്കളയുകയും ചെയ്തു. ''പാപ്പായെ ധിക്കരിച്ചവരുടെ സന്തതികളും പിന്നൊരിക്കൽ ഒരു പാത്രിയർക്കീസിനെ ശരണംകരിച്ചുവെങ്കിലും അവരുടെ സന്തതികളും പാത്രിയർക്കീസിനെയും പാപ്പായേയും ഒരുപോലെ ധിക്കരിക്കുന്നവരായി കാലാന്തരത്തിൽ പ്രത്യക്ഷപ്പെട്ടു'' (കതിരും കറയും P. 103).

4. ഡച്ചുകാരുടെ അടുപ്പം

പുത്തൻകൂർ വിഭാഗത്തെ ഡച്ചു അധികാരികളും പ്രോത്സാഹിപ്പിച്ചു. അന്ത്യോക്യായിൽനിന്നു യാക്കോബായ മെത്രാന്മാരെ വരുത്തുന്നതിൽ അവരുടെ സഹായം ഉപകരിച്ചു. (Ref. കുറവിലങ്ങാട്ടു മർത്തമറിയം പള്ളിയും കേരളനസ്രാണികളും P. 309, 310).

മാർ ഗ്രീഗോറിയോസും കൊച്ചിയിലെ ഡച്ചുഗവർണ്ണരും തമ്മിൽ സംഭാഷണം നടന്നു:

''നിങ്ങൾ എവിടെ നിന്നാണു വന്നത്?'' ഗവർണ്ണർ ചോദിച്ചു.

''ഗോവയിൽ നിന്നല്ല''. അർമേനിയൻ ഉത്തരം നൽകി

''അതു നല്ലത്''. ഗവർണ്ണർ തുടർന്നു: ''കത്തനാന്മാർക്കു ഭാര്യമാരെ കൊടുക്കുവാൻ ശ്രമിക്കുക. കുമ്പസാരമില്ലാതാക്കുക. വിശുദ്ധന്മാരുടെ പടങ്ങളും സ്വരൂപങ്ങളും ഇല്ലാതാക്കുക''.

''ശരി. ഞാൻ ശ്രമിച്ചുകൊള്ളാം''. അർമേനിയൻ ഉത്തരം നൽകി,

www.malankaralibrary.cm

''എന്നാൽ, എന്റെ സഹായസഹകരണങ്ങളും നിങ്ങളും ക്കു ഉണ്ടാകും''. ഗവർണ്ണർ സമാപിപ്പിച്ചു (Ibid. P. 270)

5 പ്രൊട്ടസ്റ്റന്റു മുന്നേറ്റം

പ്രൊട്ടസ്റ്റന്റു മിഷനറി പ്രവർത്തനത്തിനു കേരളം കേദാരമായി. പുത്തൻകൂർ പഴയകൂർ പുനരൈക്യത്തിനു അതു ആഘാതമുളവാക്കി. പഴയകൂറിലേക്കു പിന്തിരിഞ്ഞവരുടെ രണ്ടു പള്ളികളും ആംഗ്ലിക്കൻ മിഷനറിമാരുടെ പ്രോത്സാഹനംമൂലം പുത്തൻകൂറുകാർക്കു തിരിച്ചുകൊടുപ്പിക്കുകയുണ്ടായി (Ref. Ibid. P. 348).

''ദഷിണേന്ത്യയിലെ യാക്കോബായ സുറിയാനി സഭയിൽ ആദ്യം പ്രവർത്തിച്ച മൂന്നു ആംഗ്ലേയ മിഷനറിമാർ ബഞ്ചമിൻ ബയിലി, ഹെൻറി ബേക്കർ, ജോസഫ് ഫെൻ എന്നിവരാണ്. കേരളത്തിലെ സുറിയാനി പള്ളികളിൽ പ്രസംഗിക്കുവാൻ 1816–മുതൽ 1818 വരെ മെത്രാനിൽ നിന്നും അവർക്കു സ്വാതന്ത്ര്യം ലഭിച്ചു'' (Ibid. P. 349).

''വിവാഹത്തിനു സന്നദ്ധരായി മുന്നോട്ടുവരുന്ന ആദ്യത്തെ കത്തനാന്മാർക്കു 400 ക. വീതം സമ്മാനമായി നൽകാമെന്നു പ്രഖ്യാപിച്ചു. 1820–ാമാണ്ടോടുകൂടി 150 കത്തനാരന്മാരിൽ 40പേർ വിവാഹിതരായി'' (Ibid. P.350)

H സഭൈക്യശ്രമങ്ങളും കുറവിലങ്ങാടും

സഭൈക്യപ്രവർത്തനങ്ങളെ താലോലിക്കുന്നതിൽ കുറവിലങ്ങാട് എന്നും മുൻപന്തിയിലായിരുന്നു. ഇന്നിന്നകാലത്തും അതിനു ഇളവു തട്ടിയിട്ടില്ല. 1930 സെപ്തംബർ 20–ാം തീയതിയായിരുന്നല്ലോ മാർ ഈവാനിയോസ്, മാർ തെയോഫിലോസ് എന്നീ തിരുമേനിമാരുടെ പുനരൈക്യം.. രണ്ടാഴ്ചയ്ക്കുള്ളിൽ ഒക്ടോബർ 4–ാം തീയതി അവർക്കു കുറവിലങ്ങാട്ടു സ്വീകരണം നൽകപ്പെട്ടു. അതിനു കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് മാർ ഈവാനിയോസ് എഴുതി:

''നമ്മുടെ സ്നേഹഭാജനമായ റവ. ഫാദർ കട്ടക്കയത്തിന് വാഴ്വ്. നാം അവിടെ വന്നിരുന്നപ്പോഴും നമ്മുടെ

www.malankaralibrary.com

നേരെ ബ. അച്ചനും അസിസ്റ്റൻറുമാരും ഇടവകപ്പട്ടക്കാരും യോഗക്കാരും കൈക്കാരന്മാരും ഇടവകാംഗങ്ങളും പ്രത്യക്ഷപ്പെടുത്തിയ സ്നേഹാദരങ്ങൾ മൂലം നിങ്ങൾക്കോരോരുത്തർക്കും ദൈവത്തോടുള്ള ഭക്തിയും തിരുസഭയുടെ അഭിവൃദ്ധിയിലുള്ള ആകാംക്ഷയും എത്രയോ വലിയതാണെന്നു നമുക്കു നന്നായിത്തന്നെ ഗ്രഹിക്കുവാൻ സാധിച്ചു. കുറവിലങ്ങാടിൻെറ പുരാതനത്വത്തേയും ആഭിജാത്യത്തേയും ഗൗനിക്കുമ്പോൾ ഇതൊരത്ഭുതമായി ഗണിക്കേണ്ടതില്ല തന്നെ. നിർഭാഗ്യവശാൽ, പൂർവ്വികമായ മലങ്കരസഭയിൽ ഉണ്ടായിത്തീർന്ന അനാവശ്യമായ പിളർപ്പിനെ നാമാവശേഷമാക്കുന്ന വിഷയത്തിൽ നാം ചെയ്തുവരുന്ന അധ്വാനത്തെ കഴിയുന്നത്ര ലഘുപ്പെടുത്തുവാനുള്ള നിങ്ങളുടെ സന്നദ്ധതയ്ക്കായി നാം കൃതജ്ഞനായിരിക്കുകയും കാരുണ്യവാനായ ദൈവം നിങ്ങളെ ഏവരേയും ആശീർവ്വദിക്കട്ടെ എന്നു ആശംസിക്കുകയും ചെയ്യുന്നു. നമുക്കു ഇഷ്ടമുള്ള ഏതെങ്കിലും ഒരിടത്തു ഒരു പള്ളി വെക്കുവാനുള്ള സ്ഥലം വാങ്ങേണ്ടുന്നതിനായി നിങ്ങൾ നമുക്ക് ആയിരം രൂപാ സംഭാവന ചെയ്യുകയുണ്ടായല്ലോ. ചരിത്രപ്രസിദ്ധമായ കുറവിലങ്ങാടുപള്ളിയുടെ ആ സംഭാവന നാം എത്രയും സമുചിതമായ വിധത്തിൽ വിനിയോഗിച്ചിരിക്കുന്നു. എത്രയോ സംവത്സരമായി ശീശ്മയിൽ നിപതിക്കപ്പെട്ട മലങ്കര യാക്കോബായ സഭയുടെ ഒരു പ്രധാന രംഗമായി പരിണമിച്ചിരിക്കുന്ന നിരണത്തുതന്നെ ഒരു പള്ളി സ്ഥാപിക്കുന്നതിനായി ആയിരത്തിഅമ്പതു രൂപാ കൊടുത്തു നാം ഒരു സ്ഥലം വാങ്ങിക്കഴിഞ്ഞിരിക്കുകയാണ്. ഗതാഗതസൗകര്യാർത്ഥം റോഡരുകിൽ അവിടെ കുറെ സ്ഥലം വാങ്ങുവാനായി ഇത്രയും സംഖ്യ ചിലവാക്കിയത് അത്ഭുതമായി വിചാരിക്കേണ്ടതില്ല. കുറവിലങ്ങാടിനെയും നിരണത്തെയും ഘടിപ്പിക്കത്തക്കവണ്ണം നാം ചെയ്തിട്ടുള്ള പ്രവൃത്തി എത്രയും ഫലപ്രദമായി തീരത്തക്കവിധം പുണ്യശ്ലോകനായ മാർത്തോമ്മാ ശ്ലീഹായുടെ ആനുകൂല്യം ഈ വിഷയത്തിൽ നന്നായി ഉണ്ടാകുമെന്നു നമുക്കു വിശ്വാസമുണ്ട്. നാമിപ്പോൾ നിരണത്തു വാങ്ങിച്ചിട്ടുള്ള സ്ഥലത്ത് ഒരു പള്ളി ഉണ്ടാകുന്നതോടുകൂടി അനേകംപേരും സത്യമായ ഏക തൊഴുത്തിൽ വരുവാൻ ഇടയുള്ളതായും നമുക്കറിയാം. നമുക്കു നേരിട്ടുകൊണ്ടിരിക്കുന്ന

www.malankaralibrary.com

പീഡകളേയും ക്ലേശങ്ങളേയും കേട്ടു നിങ്ങൾ വ്യാകുലപ്പെടരുത്. ദൈവകൃപയുടെ ലക്ഷ്യങ്ങളാണ് അവയെന്നു നിങ്ങൾ അറിയണം. വലംകൈ നീട്ടി ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ. ആയതു ദൈവമാതാവായ വിശുദ്ധ കന്യകമർത്തമറിയാമിന്റെയും സർവ്വ ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ'' (Ibid. P. 334, 335).

ദേശത്തിന്റെ ആവേശം ദേശാഭിമാനിക്കും

ജനിമനാടു പ്രകടമാക്കിയ അതേ താല്പര്യംതന്നെയാണ് സഭൈക്യപ്രവർത്തനങ്ങളോടു ഷെവ. വി. സി. ജോർജു കാട്ടിയത്. മാർ ഈവാനിയോസ് തുടക്കമിട്ട പ്രസ്ഥാനത്തിന്റെ ദ്വിതീയ വാർഷികം തിരുവല്ലായിൽ കൊണ്ടാടിയപ്പോൾ അദ്ദേഹം പ്രസംഗിച്ചു:

''അകത്തോലിക്കരുടെ പുനരൈക്യത്തിനായി നാം അഭൂതപൂർവ്വം പരിശ്രമിക്കേണ്ട കാലമാണിത്. സ്വന്തം സഹോദരൻ മുങ്ങിച്ചാകാൻ പോകുമ്പോൾ കൈയും കെട്ടി സ്വസ്ഥവൃത്തി അവലംബിക്കുവാൻ വല്ലവനും ധൈര്യമുണ്ടോ? ബുദ്ധിപൂർവ്വം പ്രവർത്തിച്ചു സഹോദരന്റെ ജീവരക്ഷ സാധിക്കുവാനാണ് അപ്പോൾ ത്വരിതപ്പെടേണ്ടത്. നമ്മുടെ സഹോദരങ്ങളിൽ ചിലർ മുങ്ങാൻ പോകുന്ന തോണിയെ ആശ്രയിച്ചു കഴിയുന്നവരായും മറ്റു ചിലർ തിരമാലകളിൽ അങ്ങുമിങ്ങും ആനയിക്കപ്പെട്ട് പുറംകടലിലേക്കു നീങ്ങുന്നതായും ചിലർ മിക്കവാറും ജീവൻ നശിച്ചവരായും കാണുമ്പോൾ സുഖസൗകര്യം, ആരോഗ്യം, ധനം മുതലായവ കുറെശെ ബലി കഴിച്ച് അവരെ അഭയസ്ഥാനത്തെത്തിക്കുവാൻ നാം അത്യുത്സാഹം ചെയ്യാത്തപക്ഷം ''ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനോ?'' എന്ന കായേന്റെ ധിക്കാരപരമായ ചോദ്യം നമ്മുടെ അധരങ്ങളിൽനിന്നും പുറപ്പെടുന്നതായിട്ടാണ് അനുമാനിക്കേണ്ടത്'' (പുനരൈക്യം, St. Joseph's Press, Mannanam P. 42).

പ്രസംഗത്തിൽ ഒതുങ്ങിയില്ല ഷെവ. ജോർജിന്റെ പുനരൈക്യാവേശം. ഒരു പുത്രൻ സമർപ്പിത ജീവിതത്തിനു സന്നദ്ധനായി. തിരുവല്ലാ രൂപതയിൽ വൈദികനാകുന്നതിനത്രേ അദ്ദേഹത്തിനു പിതാവിൽനിന്നു കിട്ടിയ പ്രേരണ. അപ്പൻ തുറന്നിട്ട പാതയിലൂടെത്തന്നെയാണ് സഭൈക്യതിഷ്ണതയുള്ള ഫാ. ജോസഫ് വടക്കേക്കരയുടെ പ്രയാണം.

www.malankaralibrary.com

നസ്രാണി ഐക്യത്തിന്റെ രക്തസാക്ഷി കരിയാറ്റി മെത്രാപ്പോലീത്തായുടെ ഭൗതികാവശിഷ്ടപുനഃപ്രതിഷ്ഠ

കേരള ക്രൈസ്തവചരിത്രത്തിലെ പഴമയുടെ കഥ ആലങ്ങാടിനു പറയാനുണ്ട്. ദൈവജനനിയുടെ ദൈവാലയത്തിനു അവിടെ സ്ഥലം സംഭാവന ചെയ്തത് അവിടത്തെ രാജാവ് മങ്ങാട്ടച്ചനായിരുന്നു. മറ്റു വസ്തുവകകളും അദ്ദേഹം പള്ളിക്കു നല്കി. ലോഹനിർമ്മിതമായ ഒരു നിലവിളക്കു രാജദത്തമായി അവിടെ ഉണ്ടായിരുന്നു. കൂനൻകുരിശു സത്യത്തിനുശേഷം നസ്രാണിനേതാക്കൾ യോഗം ചേർന്നത് ആലങ്ങാട്ടായിരുന്നു. പന്ത്രണ്ടച്ചന്മാർ ചേർന്നു തോമാ അർക്കദിയാക്കോനെ മെത്രാനായി വാഴിച്ച ആ സമ്മേളനം ചരിത്രപഠിതാക്കൾ മറക്കയില്ല. ആഞ്ചലൂസ് ഫ്രാൻസിസ് എന്ന കർമ്മലീത്താ മിഷനറിയെ മെത്രാനായി അഭിഷേകം ചെയ്തതും ഈ സ്ഥലത്തുവെച്ചത്രേ. കേരള സുറിയാനിക്കാരുടെ അഭിമാനഭാജനമായ കരിയാറ്റി മെത്രാപ്പോലീത്തായുടെ ജന്മഗേഹം ഇവിടത്തെ ദൈവാലയത്തിന്റെ സമീപത്തായിരുന്നു. "മൈസൂർ വ്യാഘ്ര"ത്തിന്റെ പടയോട്ടം ആലങ്ങാട്ടുപള്ളിക്കു നാശനഷ്ടങ്ങൾ വരുത്തി; മാതാവിന്റെ ഛായാപടത്തിൽ അല്പഭാഗം അന്നു കത്തിപ്പോയെന്നത്രേ പുരാവൃത്തം. ഏഴു പാലവി കുരിശുകളുടെ കാര്യം പ്രസിദ്ധമാണല്ലൊ. അവയിലൊന്ന് ആലങ്ങാട്ടു പള്ളിയിലാണ് സൂക്ഷിച്ചിരുന്നത്.

1961 ഏപ്രിൽ 11-ാം തീയതി കേരള ക്രൈസ്തവർക്കു അവിസ്മരണീയമത്രേ. അന്നാണ് കരിയാറ്റി മെത്രാപ്പോലീത്തായുടെ പുനഃസംസ്കാരച്ചടങ്ങുകൾ ആലങ്ങാട്ടുപള്ളിയിൽ നിർവ്വഹിച്ചത്. നീണ്ടകാലത്തെ കാത്തി

www.malankaralibrary.com

രിപ്പിന്റേയും നിരന്തര പരിശ്രമത്തിന്റേയും ഫലമായത്രേ അതു സാധിതപ്രായമായത്. കത്തോലിക്കാകോൺഗ്രസും അന്നത്തെ കോൺഗ്രസ് പ്രസിഡണ്ടായ വി. സി. ജോർജുമായിരുന്നു നേതൃത്വം കൊടുത്തത്. എ. കെ. സി. സി. യുടെ 44-ാം വാർഷികം ഇതു പ്രമാണിച്ച് ആലങ്ങാട്ടുവച്ച് നടത്തുകയുണ്ടായി.

ആറംഗങ്ങളുള്ള ഒരു ഡലഗേഷനാണ് പൂജ്യാവശിഷ്ടങ്ങം കേരളത്തിലെത്തിച്ചത്. വി. സി. ജോർജ്, ഫാ. തോമസ് അരയത്തിനാൽ, റവ. ഡോ. സി. റ്റി. കൊട്ടാരം, ഇ. എം. ജോസഫ്, പി. സി. ലൂക്കോസ്, റ്റി. കെ. വർക്കി എന്നിവരായിരുന്നു ഡലഗേഷനംഗങ്ങം.

പുരാതന ഗോവാ നഗരത്തിലെ സെൻറ് കാതറൈൻസ് കത്തീഡലിലായിരുന്നു കരിയാറ്റിത്തിരുമേനിയുടെ കബറിടം. അവിടത്തെ ആവരണശിലയിൽ പോർട്ടുഗീസു ഭാഷയിൽ രേഖപ്പെടുത്തിയിരുന്നു: ''1786 സെപ്റ്റംബർ 10-ാം തീയതി ഗോവയിൽവച്ചു ചരമം പ്രാപിച്ച കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായും ആ നാട്ടുകാരനുമായ മാർ കരിയാറ്റിയുടെ കബറിടം'' എന്ന്. ആ പള്ളിയിലെ പുരാതന മരണരജിസ്റ്ററിൽ - അതിനു രണ്ടു നൂറ്റാണ്ടിലേറെ പഴക്കമുണ്ട് - മാർ കരിയാറ്റിയെക്കുറിച്ചുള്ള വിവരണമുണ്ട്. മെത്രാപ്പോലീത്തായുടെ ചരമം, ചരമാനന്തര ശുശ്രൂഷകം, സംസ്ക്കാരം, കബറിടസ്ഥാനം മുതലായവയാണ് ഒരു പേജുനിറയെ രേഖപ്പെടുത്തിയിട്ടുള്ളത്.

ആ ഭൗതികാവശിഷ്ടം 175 വർഷം ഗോവയിൽ കഴിഞ്ഞു. തന്മൂലം, ചില അസ്ഥിക്ഷെണങ്ങളും അവശിഷ്ടങ്ങളും മാത്രമേ സംഭരിക്കാൻ കഴിഞ്ഞുള്ളു. പത്തു നൂറോളം അസ്ഥിക്ഷെണങ്ങളുണ്ട്. അവയ്ക്കു കാൽ ഇഞ്ചു മുതൽ ഒന്നേകാൽ ഇഞ്ചുവരെ വലുപ്പം വരും. കസവു നൂലുകളും സിൽക്കിന്റെ അവശിഷ്ടങ്ങളും ബൽറ്റിന്റെ ലോഹനിർമ്മിതമായ 'ബക്കിം' തുടങ്ങിയവയും ഉണ്ട്. ആ കല്ലറയ്ക്കുള്ളിലെ കുറെ മണ്ണും പേടകത്തിൽ ശേഖരിച്ചിട്ടുണ്ട്. ഗോവാ പാത്രിയർക്കീസ് ഡോക്ടർ ജോസ്

www.malankaralibrary.cm

വീയെറാ ആൽവർത്തസിന്റെ ഉദാരപൂർവ്വമായ സഹകരണം പൂജ്യാവശിഷ്ട ശേഖരണത്തിനു സഹായകമായി. ഡല ഗേഷനംഗങ്ങളും 1960 ഡിസംബർ 16-ാം തീയതി കേരള ത്തിൽ തിരിച്ചെത്തി. മാർ കരിയാറ്റിൽ സ്വന്തനാട്ടിൽനി ന്നും യാത്ര പുറപ്പെട്ടതിന്റെ 183-ാം വർഷമായിരുന്നു, അത്.

ഒന്നോ രണ്ടോ വത്സരങ്ങളുടെ പ്രയത്നഫലമല്ല ശ്രീ. വി. സി. ജോർജിന്റെ നേതൃത്വം കൊയ്തെടുത്തത്. അദ്ധ്വാനിച്ചവരും അനവധിയായിരുന്നു. അവരിൽ പല രും കാലയവനികയ്ക്കുള്ളിൽ തിരോഭവിക്കയും ചെയ്തു.

കേരളീയരുടെ സവിശേഷശ്രദ്ധ ഈ വിഷയത്തി ലേക്കു തിരിച്ചത് ഏണേക്കാട്ടു ബ. യൗസേപ്പു കത്തനാ രുടെ ലേഖനമാണ്. തുടർന്നു, മോൺ. ജോൺ കച്ചിറമറ്റം, പതിയിൽ മി. ഏബ്രഹാം എന്നിവർ പത്രലേഖനങ്ങൾവഴി ഈ ആശയം ആവർത്തിച്ചുകൊണ്ടിരുന്നു. കത്തോലിക്കാ കോൺഗ്രസിന്റെ സത്വരശ്രദ്ധ ഇക്കാര്യത്തിൽ പതിയണ മെന്നു അഭ്യർത്ഥിക്കുന്ന പ്രമേയം 1954-ൽ വി. സി. ജോർജ് അവതരിപ്പിച്ചു. എ. കെ. സി. സി. യുടെ ആഭി മുഖ്യത്തിലുള്ള "മാർ കരിയാറ്റിക്കമ്മിറ്റി" 1955-ൽ രൂപീ കൃതമായി.

മോൺ. ജോൺ കച്ചിറമറ്റമായിരുന്നു കമ്മറ്റിയുടെ അദ്ധ്യക്ഷൻ. ആ സ്ഥിരോത്സാഹിയുടെ അധ്വാനം പല നേട്ടങ്ങളുമുണ്ടാക്കി. അദ്ദേഹം എഴുത്തുകുത്തുകളും നടത്തി. ഗോവാ പാത്രിയർക്കീസ്, ഗോവാ വൈസ്രോയി, ഗോവാ കത്തീഡ്രൽ ഭാരവാഹികളും എന്നിവർക്കാണ് കത്തു കളെഴുതിയത്. എട്ടുമാസംകൊണ്ടു ഗോവയിൽനിന്നുള്ള അനുമതി ലബ്ധമായി. ഇൻഡ്യാ ഗവൺമെൻറിന്റെ അനു വാദമാണ് തുടർന്നു ലഭിക്കേണ്ടിയിരുന്നത്. അതിനു താ മസം നേരിട്ടു. "പടിക്കൽവന്നു കുടമുടഞ്ഞ" ചരിത്രമാ ണല്ലൊ മാർ കരിയാറ്റിയുടേത്. ലക്ഷ്യപ്രാപ്തിയിലെ ത്താൻ കഴിയാഞ്ഞ നൈർഭാഗ്യം മോൺ. കച്ചിറമറ്റത്തിനും പിണഞ്ഞു. 1958 നവംബർ 4-ാം തീയതി അദ്ദേഹം ദി വംഗതനായി. അതോടെ മാർ കരിയാറ്റിക്കമ്മിറ്റിയുടെ പ്രവർത്തനവും സ്തംഭനത്തിലായി.

www.malankaralibrary.com

1959 മെയ് 17, 18 തീയതികളിൽ പാലായിൽവച്ചു കത്തോലിക്കാ കോൺഗ്രസിന്റെ വാർഷികസമ്മേളനം നടന്നു. തദവസരത്തിൽ മാർ കരിയാറിക്കമ്മറി പുനസ്സംഘടിതമായി. ഫാ. തോമസ് അരയത്തിനാൽ ആയിരുന്നു പുതിയ കൺവീനർ. കമ്മിറിയുടെ പ്രവർത്തനം വിജയപ്രാപ്തിയിലെത്തി. 1960 ജൂൺ 8-ാം തീയതി ഇൻഡ്യാ ഗവൺമെൻറിന്റെ ബോബെ സചിവാലയത്തിൽ നിന്നു ഇതു സംബന്ധിച്ച അവസാന ഉത്തരവു ലബ്ധമായി. അടുത്ത ജൂലൈ 20-ാം തീയതി പോർട്ടുഗീസു ഭരണാധികാരികളുടെ വിസാ മുതായവയും ഡലഗേഷനു ലഭിച്ചു. ഭാവിപ്രവർത്തനങ്ങൾ സുഗമമാക്കുവാൻ കമ്മറിയുടെ രക്ഷാധികാരസ്ഥാനം അത്യുന്നത കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ സദയം സ്വീകരിച്ചു.

1960 ഡിസംബർ 4-ാം തീയതി ഡലഗേഷനംഗങ്ങൾ ഗോവയിലേക്കു യാത്രയാകയും പത്തുദിവസങ്ങൾക്കുശേഷം പൂജ്യാവശിഷ്ടങ്ങളുമായി കേരളത്തിൽ തിരിച്ചെത്തുകയും ചെയ്തു.

1777-ലാണ് ഡോ. കരിയാറി കേരളമണ്ണിൽനിന്നു യാത്ര തിരിച്ചത്. അതിനുശേഷം ഈ മണ്ണിൽ കാലുകുത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. 1786 സെപ്റ്റംബർ 9-ാം തീയതിയായിരുന്നു ആ ധീരാത്മാവിന്റെ അന്ത്യം. അവസാനശ്വാസംവരെ കേരളസഭയുടെ ജീവൽ പ്രശ്നങ്ങളാണ് അദ്ദേഹത്തെ ചലിപ്പിച്ചത്.

അഗാധപണ്ഡിതനായിരുന്നു ഡോ. കരിയാറി; ആലങ്ങാട്ടു സെമിനാരിയിലെ മൽപ്പാനായി സേവനം നടത്തി. തത്ത്വശാസ്ത്രം, ദൈവശാസ്ത്രം, കാനൻനിയമം എന്നിവയിൽ ഡോക്ടർ ബിരുദം നേടാൻ ആ ധിഷണാശാലിക്കു പ്രയാസം നേരിട്ടില്ല. ലത്തീൻ, പോർച്ചുഗീസ്, ഇത്താല്യൻ, ഫ്രഞ്ച് തുടങ്ങിയ പാശ്ചാത്യഭാഷകളിലും സംസ്കൃതം, തമിഴ്, കന്നട, തെലുങ്ക് തുടങ്ങിയ ഭാരതീയ ഭാഷകളിലും ആ വ്യുൽപത്തിഭദ്രനു അവഗാഹതയുണ്ടായിരുന്നു.

www.malankaralibrary.com

അങ്കമാലിയിൽകൂടിയ സുറിയാനിയോഗത്തിന്റെ നിശ്ചയമാണ് ഡോ. കരിയാറിയുടെ പാശ്ചാത്യയാത്രയ്ക്കു ഹേതുവായത്. വികാരതീവ്രമായ സാഹചര്യം ആ തീരുമാനത്തിനു വഴിതെളിച്ചു. പുത്തൻകൂർ പഴയകൂർ ചേരിതിരിവുണ്ടായിട്ട് അന്നു നൂറുകൊല്ലം കഴിഞ്ഞിരുന്നു. ആറാം മാർത്തോമ്മാ (ഒന്നാം ദീവന്യാസ്യോസ്) യുടെ നേതൃത്വത്തിലുള്ള എൺപതിനായിരത്തോളം പുത്തൻകൂറുകാർ ഐക്യത്തിനു സന്നദ്ധരായി. കരിയാറിമൽപ്പാന്റെ അത്യധ്വാനം ഇതിനു പിന്നിലുണ്ടായിരുന്നു. ഐക്യസംരംഭത്തെ സുറിയാനിജനത ഒന്നടങ്കം സ്വാഗതം ചെയ്തു, പോർട്ടുഗീസുമേധാവികൾ ഇതാദരിച്ചില്ല. സുറിയാനിക്കാർ ക്ഷോഭിച്ചു. അങ്കമാലിയോഗം അങ്ങനെയാണുണ്ടായത്.

രണ്ടു പ്രതിനിധികളെ പാപ്പായുടെ പക്കൽ അയയ്ക്കുകയെന്നതത്രേ യോഗത്തിന്റെ നിശ്ചയം. പുനരൈക്യാനുമതിയും തദ്ദേശീയ ഭരണാധികാരവും നേടുകയാണ് യാത്രയുടെ ലക്ഷ്യം. കരിയാറിമൽപ്പാനും പാറേമ്മാക്കൽ തോമ്മാക്കത്തനാരുമായിരുന്നു യോഗം തിരഞ്ഞെടുത്ത പ്രതിനിധികൾ.

ദുർഘടത നിറഞ്ഞതായിരുന്നു യാത്ര. നാലുമാസം വേണ്ടിവന്നു മൈലാപ്പൂരിലെത്താൻ. ഒരു കൊല്ലത്തെ യാത്രയ്ക്കുശേഷമാണ് യൂറോപ്പിൽ ഇറങ്ങിയത്. ആഫ്രിക്കച്ചുറ്റി തെക്കേ അമേരിക്കയിലെ ബ്രസീൽവഴി ശാന്തസമുദ്രം തരണം ചെയ്തുള്ള യാത്ര. കാറ്റിനേയും കാലാവസ്ഥയേയും ആശ്രയിച്ചായിരുന്നു പാക്കപ്പലുള്ള പോക്ക്. യാത്രയ്ക്കിടയിൽ സാംക്രമികരോഗബാധകൊണ്ടു ഒടുങ്ങിയവരുമുണ്ട്.

എട്ടുവത്സരമാണ് റോമിലും പോർട്ടുഗലിലുമായി മൽപ്പാൻ ചെലവഴിച്ചത്, മാർപാപ്പായേയും പോർട്ടുഗൽ രാജ്ഞിയേയും പലപ്രാവശ്യം കണ്ടു. കേരള സുറിയാനിസഭയ്ക്കു സ്വയംഭരണാവകാശം ലബ്ധമായി.

www.malankaralibrary.com

കരിയാറ്റി മൽപ്പാനച്ചനെ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തായായി തിരഞ്ഞെടുത്തു ബൂള നല്കി. മെത്രാപ്പോലീത്തായുടെ അഭിഷേകോത്സവം പോർട്ടുഗീസുരാജ്ഞിയുടെ തലസ്ഥാനമായ ലിസ്ബണിൽവെച്ചു നടത്തപ്പെട്ടു. മാർപാപ്പായും തിരുസംഘവും പുത്തൻകൂർ പുനരൈക്യം സസന്തോഷം അനുവദിച്ചു. മെത്രാപ്പോലീത്തായും സെക്രട്ടറി പാറേമ്മാക്കലച്ചനും വിജയശ്രീലാളിതരായി ഇൻഡ്യയിലേക്കു മടങ്ങി.

1786 മെയ്മാസം 1-ാം തീയതി മാർ കരിയാറ്റി മെത്രാപ്പോലീത്താ ഗോവയിലെത്തി. കേരളസഭയുടെ ഔദ്യോഗികാധികാരം അന്നു ഗോവയ്ക്കുണ്ടായിരുന്നു. സഭാസംബന്ധമായ കാര്യങ്ങൾക്കായി അവിടെയും കുറേനാൾ താമസിക്കേണ്ടിവന്നു. ഞെട്ടിക്കുന്ന ഒരു വാർത്ത ആ സെപ്റ്റംബർ 9-ാം തീയതിയുണ്ടായി. വളരെ ആകസ്മികമായി കരിയാറ്റി മെത്രാപ്പോലീത്താ അന്തരിച്ചു. 43 വയസേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു.

അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ 43-ാമതു വാർഷികസമ്മേളനം ആലങ്ങാട്ടുവെച്ചു നടത്തിക്കൊണ്ടാണ് മാർ ജോസഫ് കരിയാറ്റിയുടെ ഭൗതികാവശിഷ്ട പുനഃസംസ്കരണകർമ്മം ആഘോഷപ്രദമാക്കിയത്. 1961 ഏപ്രിൽ 10-ാം തീയതി നടത്തിയ പ്രസ്തുത ചടങ്ങിൽ അധ്യക്ഷത വഹിച്ചുകൊണ്ട് ശ്രീ. വി. സി. ജോർജ് പ്രസംഗിച്ചു: ''ചരിത്രപ്രകീർത്തിതമായ ഈ ആലങ്ങാട്ടുവച്ചു കേരള ക്രൈസ്തവസമുദായ നഭോമണ്ഡലത്തിൽ ഉജ്ജ്വലതാരമായി വിളങ്ങിയ മഹാൻ മാർ ജോസഫ് കരിയാറ്റിയുടെ ഭൗതികാവശിഷ്ട പുനസംസ്കരണകർമ്മത്തോടനുബന്ധിച്ചു, ഈ വാർഷികം ആഘോഷിക്കുവാനിടയായതിൽ കോൺഗ്രസ് ഭാരവാഹികൾക്കുള്ള സംതൃപ്തി അവാച്യമാണ്''. അദ്ദേഹം തുടർന്നു പറഞ്ഞു ഈ ഭൗതികാവശിഷ്ടങ്ങൾ ശബ്ദരഹിതമായി കത്തോലിക്കരേയും അകത്തോലിക്കരേയും ദിവ്യരക്ഷകന്റെ ഐക്യപ്രാർത്ഥന അനുസ്മരിപ്പിക്കും. ''പിതാവേ, നീ എന്നിലും ഞാൻ അങ്ങിലും ഒന്നായിരിക്കുന്നതുപോലെ ഇവരും

www.malankaralibrary.com

ആയിരിക്കുവാൻ ഞാൻ നിന്നോടു പ്രാർത്ഥിക്കുന്നു. നീ എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനുവേണ്ടി ഇവരേയും നമ്മിൽ ഒന്നാക്കിത്തീർത്തരുളേണമേ'' (യോഹ. 17, 21) എന്നാണല്ലൊ പ്രാർത്ഥന. മാർ കരിയാറിയുടെ സ്മരണ സഭാപുനരൈക്യത്തിനുള്ള മാർഗ്ഗം വിസ്തൃതതരമാക്കിത്തീർക്കുമെന്ന് നമുക്കു പ്രത്യാശിക്കാം''.

ഉൽഘാടനപ്രസംഗം നടത്തിയ അത്യുന്നത കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പറഞ്ഞു. ''കേരളസഭാചരിത്രത്തിൽ മായാമുദ്ര പതിക്കുവാൻ പോകുന്ന അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ ഈ 43-ാം വാർഷികസമ്മേളനം ഉൽഘാടനം ചെയ്യുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. സഭയ്ക്കും സമുദായത്തിനുംവേണ്ടി ജീവനർപ്പിച്ച മഹാശയനായ മാർ ജോസഫ് കരിയാറിയുടെ നാമവുമായി ഈ വാർഷികസമ്മേളനം അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നുവെന്നതാണ് ഇതിന്റെ പ്രാധാന്യത്തിനു സർവ്വോപരി നിദാനമായിരിക്കുന്നത്. ചരിത്രപ്രഖ്യാതനായിത്തീർന്ന അദ്ദേഹത്തിന്റെ ഭവനം ഈ പള്ളിയുടെ പരിസരത്തുതന്നെയായിരുന്നുവെന്ന വസ്തുത സ്മരണീയമായിരിക്കുന്നു''. കർദ്ദിനാൾ തിരുമേനി തുടർന്നു: ''മാർ കരിയാറിയുടെ ഭൗതികാവശിഷ്ടങ്ങൾ ഇവിടെ പുനഃസംസ്കരണം ചെയ്യുന്നതിനു കത്തോലിക്കാ കോൺഗ്രസ് മുൻകൈ എടുത്തു പ്രവർത്തിച്ചതിലും അവരുടെ പ്രവർത്തനം വിജയശ്രീലാളിതമായിത്തീർന്നതിലും എനിക്കും സമുദായാഭിമാനികളായ മറെറല്ലാവർക്കും ഉള്ളതായ കൃതജ്ഞതയും അഭിനന്ദനവും രേഖപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. വിശിഷ്യാ ഇതിന്റെ ഭാരം വഹിച്ചിട്ടുള്ള കമ്മറി അംഗങ്ങൾ അനുമോദനാർഹരാണ്. ഈ ആശയം ബീജാവാപം ചെയ്ത പരേതനായ മോൺ. കച്ചിറ മറത്തെ ഈ അവസരത്തിൽ പ്രത്യേകം അനുസ്മരിക്കാതിരുന്നാൽ അതു അക്ഷന്തവ്യമായ ഒരപരാധമായിരിക്കും. ഉന്നതങ്ങളിലിരുന്ന്, ഇവിടെ നടക്കുന്ന സംഭവങ്ങൾ സകൗതുകം വീക്ഷിച്ചുകൊണ്ടു അദ്ദേഹമിപ്പോൾ പുഞ്ചിരി തൂകുന്നുണ്ടായിരിക്കും''.

www.malankaralibrary.com

ഉടൻ പ്രസിദ്ധീകൃതമാകുന്നു

"ഓർമ്മയുടെ ചിത്രശാല"

പുനരൈക്യപ്രസ്ഥാനത്തിലെ അനുസ്മരണീയരെ ചിത്രീകരിക്കുന്ന

ഗ്രന്ഥപരമ്പര

ഗ്രന്ഥകർത്താവ്:

വി. കിളിച്ചിമല

ഒന്നാം പുസ്തകം

ഉള്ളടക്കം

1 മാർ ഈവാനിയോസിന്റെ സന്ന്യാസാഭിമുഖ്യവും മലങ്കരയുടെ പ്രതികരണങ്ങളും

2 ആർച്ചുബിഷപ്പ് – ബിഷപ്പ് മാർ സേവേറിയോസും മോൺ. വടശ്ശേരിയും

3 ബനഡിക്ട് മാർ ഗ്രീഗോറിയോസും കാതോലിക്കാ സിംഹാസനവും

4 ഐക്യുമെനിസത്തിന്റെ വിശാലവൃത്തം മാർ ഗ്രീഗോറിയോസിന്റെ വീക്ഷണത്തിൽ

5 ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ

6 പുഷ്പപുരം ശ്രീ. സി. ഫിലിപ്പ്

7 ആലുവാ യു. സി. കോളജ് പ്രൊഫസർ ഫാ. ററി. വി. ജോൺ

8 ദിവ്യശ്രീ. മുണ്ടപ്ലാക്കൽ യാക്കോബ് കത്തനാർ

9 പുലിക്കോട്ടിലച്ചൻ

10 സരസകവിയുടെ പള്ളിപ്പാട്ട് etc., etc.

പ്രസാധകർ

ബഥനി ബുക്കുഹൗസ്

www.malankaralibrary.com



MALANKARA
LIBRARY

www.malankaralibrary.cm